# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1320/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1320/2023 തീയ്യതി: 28/12/2023

## ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-11-2022 മുതൽ 12-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 16-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 16-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
നവാസ് സി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ലൂക്കോസ് കുര്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
എബി എബ്രാഹം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ദു ജോസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സുനിൽ സെബാസ്റ്റ്യൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോഷി എം. മാണി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ശിൽപാ വി.എസ്. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 13-09-2022 |
| ശ്രീമതി ശ്രീജാ തങ്കച്ചൻ | അസി.എഞ്ചിനീയർ | 14-09-2022 | 24-09-2022 |
| ശ്രീമതി ചിത്രലേഖ ജി. | അസി.എഞ്ചിനീയർ | 25-09-2022 | 02-11-2022 |
| ശ്രീ ഷാജി കെ.പി. | അസി.എഞ്ചിനീയർ | 03-11-2022 | 31-12-2022 |
| ശ്രീ റ്റി യു അലിയാസ് | അസി.എഞ്ചിനീയർ | 01-01-2023 | 31-03-2023 |
| ശ്രീ ജെസ്ബിൻ തോമസ് | വി.ഇ.ഒ.-1 | 01-04-2022 | 31-03-2023 |
| ശ്രീ ബിന്ദു ജോസഫ് | വി.ഇ.ഒ.-2 | 01-04-2022 | 31-03-2023 |
| ശ്രീ അഭിജിത്ത് പി. എച്ച്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. സൗമ്യ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. കൃഷ്ണപ്രിയ കെ. ബി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. മിറാൻഡാ എബ്രാഹം | മെഡിക്കൽ ഓഫീസർ - FHC | 01-04-2022 | 14-11-2022 |
| ഡോ. വിപിൻ കുമാർ | മെഡിക്കൽ ഓഫീസർ - FHC | 15-11-2022 | 26-12-2022 |
| ഡോ. അഞ്ചലി എം. ആർ. | മെഡിക്കൽ ഓഫീസർ - FHC | 27-12-2022 | 31-03-2023 |
| ശ്രീ. കിരൺ ജോസ് കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ജെയ്സൺ വി. ടോം | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. റോമിയോ സണ്ണി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിയാ ജോസഫ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി ഇന്ദുലേഖാ റ്റി. ആർ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ശ്രീ. സനിത് കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 05-01-2023 |
| ശ്രീ. കണ്ണൻ പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 06-01-2023 | 31-03-2023 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | തെറ്റായ ശീർഷകങ്ങളിൽ തുകകൾ അക്കൗണ്ട് ചെയ്തു | 1-1-4 |
| 6 | കാലഹരണപ്പെട്ട ചെക്കുകൾ ലഭ്യമാകാനുള്ള വരവുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി Stale Cheque ശീർഷകത്തില്ലേക്ക് മാറ്റിയില്ല. | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക, തെറ്റായി യഥാർത്ഥ ചെലവായി രേഖപ്പെടുത്തി | 1-1-6 |
| 8 | ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-10 |
| 12 | തിരിച്ചറിയാത്ത ബാധ്യതാ തുകകൾ ധനകാര്യ പത്രികയുടെ ഭാഗമാക്കി | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഗ്രാന്റ് വിനിയോഗം | 1-3 |
| 15 | സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിലെ പിഴവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 18.36 ലക്ഷം രൂപ | 1-3-1 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | കാർഷിക മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ വളരെ കുറവ് | 1-4-1 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-6 |
| 20 | ക്യാഷ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 22 | സകർമ്മ മിനിട്ട്സ് സൂക്ഷിപ്പിൽ - അപാകതകൾ | 1-8-1 |
| 23 | തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 24 | കാലഹരണപ്പെട്ട ചെക്കുകൾ ലഭ്യമാകാനുള്ള വരവുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി | 1-10 |
| 25 | തനത് വിഭവ സമാഹരണം-അവലോകനം | 1-11 |
| 26 | റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.56 ലക്ഷത്തിലധികം രൂപ | 1-11-1 |
| 27 | വസ്തു നികുതി നിർണ്ണയം,പിരിവ് - അപാകതകൾ | 1-12 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-13-1 |
| 29 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-13-2 |
| 30 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 31 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക പിരിവിലെ അപാകതകൾ | 1-15 |
| 32 | മാംസ വിൽപ്പനയ്ക്കുള്ള അവകാശം ലേലം ചെയ്ത് നൽകിയതിലെ അപാകതകൾ | 1-16 |
| 33 | ബസ് സ്റ്റാന്റുകൾ വരുമാന സ്രോതസ്സുകളായി പ്രയോജനപ്പെടുത്തുന്നില്ല | 1-17 |
| 34 | ഈ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-18 |
| 35 | ഗ്രാമ സഭ നോട്ടീസ് -യഥാർത്ഥ ആവശ്യകത പരിഗണിക്കാതെ വൻതോതിൽ അച്ചടിച്ചു | 1-19 |
| 36 | ചെലവു വൗച്ചറുകൾ, അനുബന്ധ രേഖകൾ, ബിൽ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിൽ അപാകതകൾ | 1-20 |
| 37 | പഞ്ചായത്ത് വാഹനങ്ങളുടെ പരിപാലനം-അപാകതകൾ | 1-21 |
| 38 | കാലാവധി കഴിഞ്ഞ യാത്രാ ബത്ത അനുവദിച്ചു നൽകി | 1-22 |
| 39 | ഭരണസമിതി യോഗ തീരുമാനങ്ങൾ നടപ്പാക്കിയില്ല | 1-23 |
| 40 | എസ് സി കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ -അപാകതകൾ | 1-24 |
| 41 | എസ് സി കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ - കുറഞ്ഞ നിരക്കിലുള്ള ഇനങ്ങൾ വാങ്ങിയില്ല | 1-24-1 |
| 42 | എസ് സി വനിതകൾക്ക് പി.വി.സി ടാങ്ക് വിതരണം - ദർഘാസ് അംഗീകരിച്ച രേഖകളില്ല | 1-24-2 |

| | | |
|---|---|---|
| 43 | പട്ടിക ജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ-ടി.ഡി.എസ്. നടത്തിയില്ല | 1-25 |
| 44 | ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് കുടിവെള്ളപദ്ധതിക്ക് കുളം നിർമിച്ചു | 1-26 |
| 45 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ-പഴയ മോട്ടോർ ലേലം ചെയ്തില്ല | 1-27 |
| 46 | കായിക ഉപകരണങ്ങളുടേയും ലൈബ്രറി പുസ്തകങ്ങളുടേയും വിതരണത്തിൽ അപാകത | 1- 28 |
| 47 | ബയോ കംപോസ്റ്റർ ബിൻ വിതരണം - അപാകതകൾ | 1-29 |
| 48 | കന്നുകുട്ടി പരിപാലനം-കാലിത്തീറ്റ വാങ്ങുന്നതിൽ മുടക്കം വരുത്തിയ ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക തിരികെ ഈടാക്കിയില്ല | 1-30 |
| 49 | ആധുനീക അറവുശാല നിർമാണത്തിന് സ്ഥലം വാങ്ങിയെങ്കിലും തുടർനടപടികൾ സ്വീകിരിച്ചില്ല | 1-31 |
| 50 | എൽ. ഇ.ഡി - ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നാളിതുവരെ പൂർത്തീകിരിച്ചിട്ടില്ല | 1-32 |
| 51 | ഹരിത കർമ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ -ടിഡിഎസ് ഈടാക്കിയില്ല | 1-33 |
| 52 | ഹരിത കർമ്മസേന – പ്രവർത്തനാവലോകനം | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 22.06.2023 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 30.06.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ<br>28.12.2023 | ഡെപ്യൂട്ടി ഡയറക്ടർ<br>ഇടുക്കി |

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ആസ്തി കണക്കുകൾ കൃത്യമല്ല

ഗ്രാമപഞ്ചായത്ത് വിവിധ കാലങ്ങളിൽ ആർജ്ജിച്ച മൂലധന ആസ്തികളുടെ വർഗ്ഗീകരണം, മൂല്യനിർണയം എന്നിവ നിർണയിച്ച് കാലികമാക്കാത്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1569162/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹22234358/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-4 തെറ്റായ ശീർഷകങ്ങളിൽ തുകകൾ അക്കൗണ്ട് ചെയ്തു

ധനകാര്യ പത്രികയുടെ RP-31 പട്ടിക പ്രകാരം സെക്യേഡ് ലോണിനത്തിൽ ആകെ ₹710000/- (290000 + 420000) വരവുണ്ട്. എന്നാൽ ഇത് യഥാക്രമം

ലൈഫ് ഭവന പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതവും, HUDCO വായ്പയുടെ പിഴ തിരുത്തൽ ക്രമീകരണവുമാണ്.

1-1-5 കാലഹരണപ്പെട്ട ചെക്കുകൾ ലഭ്യമാകാനുള്ള വരവുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.

ഗ്രാമപഞ്ചായത്തിന് 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ലഭിച്ച മൂന്ന് ചെക്കുകൾ ബാങ്കിൽ സമർപ്പിച്ചുവെങ്കിലും അവ ഇപ്പോഴും പണമാക്കാത്തവയുടെ ഗണത്തിൽ പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തി വരുന്നു. (ആകെത്തുക ₹81750/-). ഭാരതീയ റിസർവ് ബാങ്കിന്റെ ഉത്തരവനുസരിച്ച് ഒരു ചെക്കിന്റെ കാലാവധി മൂന്നു മാസമാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ അനുസരിച്ച് കാലപരിധി കഴിഞ്ഞ/ Dishonour ആയ ചെക്കുകളുടെ തുക ഡിമാന്റ് കണക്കുകളിൽ പുനഃക്രമീകരിച്ച് വീണ്ടും ഈടാക്കാൻ അത് ഒടുക്കിയ വ്യക്തിക്ക് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ പാലിക്കാതെ പൊരുത്തപ്പെടുത്തൽ പത്രികയിൽ നിലനിർത്തി വരുന്നതിനാൽ യഥാർത്ഥ പിരിവ് കണക്കിൽ വ്യത്യാസം സംഭവിച്ചു. (വിശദ പരാമർശം ഖണ്ഡിക 1-10-ൽ ഉൾപ്പെടുത്തിയത് കാണുക.)

1-1-6 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക, തെറ്റായി യഥാർത്ഥ ചെലവായി രേഖപ്പെടുത്തി

തൻവർഷം 05 കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനായി ഭൂജലവകുപ്പ് ജില്ലാ കാര്യാലയത്തിന് ഗണ്യമായ തുക കൈമാറിയിട്ടുണ്ടെങ്കിലും (ഖണ്ഡിക 4-3 കാണുക.) അത് ധനകാര്യപത്രികയുടെ ബി-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ ക്രമീകരിക്കാൻ ശേഷിക്കുന്ന തുകകളുടെ സമഗ്രതയ്ക്ക് ഭംഗം വന്നിട്ടുണ്ട്.

1-1-7 ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡിമാന്റ് രജിസ്റ്ററുകളിൽ നിർണയിച്ചിട്ടുള്ള അന്തിമ തുകകൾ (ഡിമാന്റ് -പിരിവ്- കുടിശ്ശിക തുകകൾ) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ആകയാൽ വിവിധ വരവിനങ്ങളുടെ അന്തിമ തുകകളുടെ ആധികാരികത വ്യക്തമല്ല.

1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1) മുൻകൂർ കണക്കുകൾ ആധികാരകമല്ല

തൻവർഷം 05 കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനായി ഭൂജലവകുപ്പ് ജില്ലാ കാര്യാലയത്തിന് ഗണ്യമായ തുക കൈമാറിയിട്ടുണ്ടെങ്കിലും (ഖണ്ഡിക 4-2 കാണുക.) അത് ധനകാര്യപത്രികയുടെ ബി-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ ക്രമീകരിക്കാൻ ശേഷിക്കുന്ന തുകകളുടെ സമഗ്രതയ്ക്ക് ഭംഗം വന്നിട്ടുണ്ട്.

2) വായ്പാ കണക്കുകൾ ബാധ്യതയുടെ യഥാർത്ഥ ചിത്രം പ്രതിഫലിപ്പിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ജവഹർ ഭവന പദ്ധതി, ലൈഫ് ഭവന പദ്ധതി, ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം എന്നീ ആവശ്യങ്ങൾക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ സ്വീകരിച്ചിട്ടുണ്ട്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 4-4 കാണുക). എന്നാൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിന് സ്വീകരിച്ചതൊഴികെയുള്ള വായ്പാ ബാധ്യതാകണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൻവർഷം ജവഹർ ഭവന പദ്ധതി വായ്പയുടെ മുതൽ തിരിച്ചടവിനായി ₹2200000/- ചെലവഴിച്ചുവെങ്കിലും പലിശയിനത്തിൽ ഒടുക്കിയ ₹119750/- ആണ് കണക്കുകളിൽ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ വായ്പാ ബാധ്യതയുടെ നീക്കിയിരിപ്പ് കണക്കുകൾ കൃത്യമല്ല.

1-1-9 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാന്ത്യത്തീയതികളിൽ പ്രത്യേക ജേണൽ വൗച്ചറുകൾ നൽകിയാണ് ഡിമാന്റ് തുകകൾ ക്രമീകരിച്ചത്.

1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം&എക്സ്പെൻഡീച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം ജേർണ്ണൽ വൌച്ചർ പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൌച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-11 തിരിച്ചറിയാത്ത ബാധ്യതാ തുകകൾ ധനകാര്യ പത്രികയുടെ ഭാഗമാക്കി

ധനകാര്യപത്രികയുടെ ബി-4 പട്ടികയിൽ ഉൾപ്പെട്ടതാണ് ചുവടെ ചേർത്തിട്ടുള്ള തുകകൾ. എന്നാൽ അവയുടെ സ്രോതസ്, വിനിയോഗം, ഭൗതികമായ നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങളിൽ അവ്യക്തത നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ILGMS-ലേക്ക് മാറിയ വേളയിൽ പാസ്റ്റ് ഡേറ്റാ എൻട്രി (PDE) കൃത്യമായി നടത്താതിരുന്നതിനാൽ ഇവ യഥാർത്ഥത്തിൽ ബാധ്യതയായി ശേഷിക്കുന്ന തുക തന്നെയെന്ന് ഉറപ്പിക്കാനായിട്ടില്ല.

| തിരിച്ചറിഞ്ഞിട്ടില്ലാത്ത ഹെഡ്ഡുകളിലെ തുകകൾ | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. 320100999 | 110473 | 00 | 110473 | 00 | 110473 |
| 2. 320200305 | 39145 | 00 | 39145 | 00 | 39145 |
| 3. 320200299 | 300500 | 00 | 300500 | 00 | 300500 |
| 4. 320200307 | 400000 | 00 | 400000 | 00 | 400000 |
| 5. 320400199 | 59536 | 00 | 59536 | 00 | 59536 |
| 6. 320700404 | 285000 | 00 | 285000 | 00 | 285000 |
| 7. 320200399 | 399235 | 570000 | 979235 | 00 | 979235 |

കണക്കുകളുടെ സ്രോതസും, വിനിയോഗകൃത്യതയും പരിശോധിച്ച് ബാധ്യതാകണക്കുകൾ പുനഃക്രമീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(1), 21-3-2022 |
| ഭരണസമിതിയിൽ അവതരണം | 25-3-2022 |
| ഭരണസമിതി അംഗീകാരം | 4(1) / 26-3-2022 |
| ബജറ്റ് പുതുക്കൽ | 3(1) / 27.2.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 5598019 |
| വരവ് | 412246600 |
| ആകെ | 417844619 |
| ചെലവ് | 414262600 |
| നീക്കിയിരിപ്പ് | 3582019 |

ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കുംപ്രകാരമുള്ള നടപടിക്രമങ്ങളും സമയക്ലിപ്തതയും പാലിക്കാൻ ശ്രമിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഘടക സ്ഥാപനങ്ങളിൽനിന്ന് 9-12-2021-ൽ ബജറ്റ് നിർദേശങ്ങൾ പരിഗണിക്കുകയും ചർച്ച ചെയ്യുകയും അവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ജനവരി ആദ്യവാരമുള്ള ബജറ്റ് അവതരണം എന്ന നിബന്ധന പാലിക്കാൻ കഴിഞ്ഞിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ ചില വരവിനങ്ങളിലും ചെലവുകളിലും അന്തരമുണ്ട്. മൂന്ന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| ലേലം , വിൽപനകൾ | 140000 | 14300 |
| പലിശ | 400000 | 722689 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 5900000 | 2354696 |

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ബജറ്റ് അടിസ്ഥാനമാക്കേണ്ടതാണ്. ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടപ്പെടുന്നുവെങ്കിലും ക്രിയാത്മകമായി വിഷയത്തെ സമീപിക്കാത്ത നടപടി ഗൗരവമർഹിക്കുന്നു. ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 00 | 25562000 | 25562000 | 23378645 | - |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.എസ്.പി | 00 | 2525000 + 329846 (പരിഹാര വകയിരുത്തൽ) | 2854846 | 2494480 | - |
| വികസന ഫണ്ട്-ടി.എസ്.പി | 00 | 839000 + 48090 (പരിഹാര വകയിരുത്തൽ) | 887090 | 642468 | - |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)* | 2710123 | 4416000 | 7126123 | 3648882 | 3477241 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)** | 5628197 | 6624000 | 12252197 | 6603289 | 5648908 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 00 | 26858000 | 26858000 | 20501754 | - |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 00 | 8579000 | 8579000 | 6078755 | - |
| ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് (PHC) | 00 | 413718 + 4941 (Interest) | 418659 | 418659 | 418659 |
| ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് (INFRASTRUCTURE) | 00 | 662709 + 7486 (Interest) | 670195 | 670195 | 670195 |
| ഐ.സി.ഡി.എസ് | 645174 | 1917650 | 2562824 | 1511000 | 1051824 |
| സാക്ഷരത | 1235 | 37 (Interest) | 1272 | 37 | 1235 |
| ജലനിധി | 2404824 | 00 | 2404824 | 125545 | 2279279 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് 320300199 (Life State Share,pulse Polio Campaign Etc.) | 2383852 | 290000 | 2673852 | 560000 | 2113852 |
| ജില്ലാപഞ്ചായത്ത് വിഹിതം (PMGSY-ബഥേൽ മില്ലുംപടി റോഡ് നിർമാണം | 00 | 710950 | 710950 | 00 | 710950 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 14148 | 00 | 14148 | 00 | 14148 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1699377 | 00 | 1699377 | 1331331 | 368046 |
| കുടുംബശ്രീ അവാർഡ് | 10000 | 00 | 10000 | 00 | 10000 |
| തിരിച്ചറിഞ്ഞിട്ടില്ലാത്ത ഹെഡ്ഡുകളിലെ തുകകൾ 1. 320100999 | 110473 | 00 | 110473 | 00 | 110473 |
| 2. 320200305 | 39145 | 00 | 39145 | 00 | 39145 |
| 3. 320200299 | 300500 | 00 | 300500 | 00 | 300500 |
| 4. 320200307 | 400000 | 00 | 400000 | 00 | 400000 |
| 5. 320400199 | 59536 | 00 | 59536 | 00 | 59536 |
| 6. 320700404 | 285000 | 00 | 285000 | 00 | 285000 |
| 7. 320200399 | 399235 | 570000 | 979235 | 00 | 979235 |

* , ** ILGMS /AFS പ്രകാരമുള്ള കണക്കുകൾ.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽനിന്ന കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2544831 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1314000 |
| വികസന ഫണ്ട്-ജനറൽ | SCP-യിലേക്കുള്ള പരിഹാര വകയിരുത്തൽ | 329846 |
| വികസന ഫണ്ട്-ജനറൽ | TSP-യിലേക്കുള്ള പരിഹാര വകയിരുത്തൽ | 48090 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 186365 |
| വികസന ഫണ്ട്- ടി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 157032 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ.വികസന ഫണ്ട്-ജനറൽ)

3) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Untied Funds) ഇനത്തിലെ നീക്കിയിരിപ്പ് യഥാക്രമം ₹5628197/- ഉം ₹2710123/- ഉം ആണ്. അവയുടെ തൻവർഷ വരവു ചെലവുകൾ മേൽ പട്ടികയിൽ *, ** ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകൾ , സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് എന്നിവ ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CFC ( UNTIED GRANT) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 00 | 4416000 | 4416000 | 2847207 | 1568793 |

| | | | | | |
|---|---|---|---|---|---|
| ILGMS പ്രകാരം | 2710123 | 4416000 | 7126123 | 3648882 | 3477241 |
| CFC ( TIED GRANT) | | | | | |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 5879622 | 6624000 | 12503622 | 6796475 | 5707149 |
| ILGMS പ്രകാരം | 5628197 | 6624000 | 12252197 | 6603289 | 5648908 |

പി.എഫ്.എം.എസ് പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ് ,ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം.

1-3-1 സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിലെ പിഴവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 18.36 ലക്ഷം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എംഎസ്)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട്-ടി.എസ്.പി, ആസ്തി പരിപാലന ഗ്രാന്റ് എന്നിവയുടെ ചെലവ് 80% എന്ന പരിധി കടന്നിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി ₹1923890- ആണ് നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 887090 | 642468 | 72.42 | 177418 | 67204 (2023-24- ൽ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തൽ വേണ്ടി വരുന്ന തുക |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 8579000 | 6078755 | 70.85 | 1715800 | 784445 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 26858000 | 20501754 | 76.33 | 5371600 | 984646 |
| ആകെ | | | | | 1836295 |

ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 179 | 135792378 | 142 | 78544239 | 37 | 79.3 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 744716 | 744716 |
| വെറ്ററിനനറി സർജൻ | 5 | 5 | 6314600 | 3603100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 1 | 2076495 | 800298 |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം) | 1 | 1 | 1200000 | 1200000 |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 1 | 1 | 400000 | 400000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 5 | 4 | 4676600 | 3152000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 13 | 11 | 28344320 | 4463460 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 8131124 | 6727869 |
| ഗ്രാമപഞ്ചായത്ത് Secretary | 35 | 25 | 18571921 | 14207348 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 97 | 76 | 54510105 | 35117721 |
| ഹെഡ്മാസ്റ്റർ ഗവ. യു.പി സ്കൂൾ | 1 | 1 | 114173 | 114173 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 7076084 | 6007468 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 3263240 | 1934226 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 369000 | 71860 |
| ആകെ | 179 | 142 | 135792378 | 78544239 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 26-5-2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 28-5-2022 – 31-5-2022 |
| ഊരുകൂട്ടം | 2-6-2022 – 6-6-2022 |
| വികസന സെമിനാർ | 7-6-2022 |

| | |
|---|---|
| ഭരണാനുമതി | 1(1), 9-6-2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം( ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 677/2022/DPC/DPO/IDK തീ. 06.03.2023 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞുവെങ്കിലും കാർഷിക മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ഭാഗം 1-20-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- ഏറ്റെടുത്ത 179 പ്രോജക്ടുകളിൽ 142 എണ്ണം നടപ്പാക്കി. ആകെ ഏറ്റെടുത്ത പദ്ധതികളിൽ 79.3% മാത്രമാണ് നടപ്പാക്കാനായത്.
- വിവിധ ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കാനായിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ലൈഫ് ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം കരാറനുസരിച്ച് ഗൃഹ നിർമാണം പൂർത്തീകരിച്ചിട്ടില്ല.

## 1-4-1 കാർഷിക മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ വളരെ കുറവ്

ഇടുക്കിയിൽ ആകെയുള്ള 52 ഗ്രാമപഞ്ചായത്തുകളിൽ സാമ്പത്തികമായും സാമൂഹ്യമായും മികച്ച നിലയിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്താണ് വാത്തിക്കുടി. പച്ചക്കറിക്കൃഷിയും മൃഗസംരക്ഷണവും ആശ്രയിച്ച് ഉപജീവനം നടത്തുന്ന ആളുകളാണ് ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും. വളരെ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ജനങ്ങൾ തങ്ങളുടെ കൃഷിഭൂമിയായി പരിവർത്തനപ്പെടുത്തിക്കഴിഞ്ഞു. കാലാവസ്ഥയ്ക്കനുയോജ്യമായി വിളകൾ മാറി മാറി കൃഷി ചെയ്തു വരുന്നതിനാൽ മികച്ച വിളവും അവർക്ക് ലഭിക്കുന്നു. പയർ, പാവൽ, ഏത്തവാഴ എന്നീ പച്ചക്കറികളുടെയും ഏലം, കുരുമുളക്, ജാതിക്ക തുടങ്ങിയ നാണ്യ വിളകളുടെയും കേന്ദ്രമായാണ് ഗ്രാമപഞ്ചായത്ത് വിശേഷിപ്പിക്കപ്പെടുന്നത്. എന്നാൽ വിപണി കണ്ടെത്താൻ കഴിയാത്തതും ഹോർട്ടിക്കോർപ്പ് പോലുള്ള സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങളിലെ പോരായ്മകളും നിമിത്തം കർഷകർക്ക് അവരുടെ അദ്ധ്വാനത്തിന്റെ യഥാർത്ഥ ഫലം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

മികച്ച കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലും, കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും അനുയോജ്യമായ പുതിയ വിളകൾ പരിചയപ്പെടുത്തുന്നതിലും, വിളകൾക്ക് മികച്ച വില ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലും കാർഷികവികസന കർഷകക്ഷേമ വകുപ്പിൽനിന്നുള്ള നിർവഹണ ഉദ്യോഗസ്ഥർക്ക് വലിയ പങ്കാണ് നിർവ്വഹിക്കാനുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ജൈവവൈവിധ്യവും കാർഷികമേഖലയിലെ സാധ്യതകളും സമഗ്ര പഠനങ്ങൾക്ക് വിധേയമാക്കി ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിദഗ്ധ ഉപദേശങ്ങൾ നൽകുന്നതിനുമായി പ്രസ്തുത വിഷയങ്ങളിൽ വൈദഗ്ദ്യവും, പരിചയസമ്പത്തും നേടിയ കൃഷി ഓഫീസറുടെ സേവനം സാമ്പത്തിക വർഷത്തിലുടനീളം ലഭ്യമായിരുന്നെങ്കിലും അത് ചൂഷണം ചെയ്യാൻ തക്ക വിധം വിവിധ പ്രോജക്ടുകൾ ആവിഷ്കരിക്കാതിരുന്നത് ഗൗരവമേറിയ വീഴ്ചയാണ്. തൻവർഷം കുമ്മായവിതരണത്തിന്റെ ഒരു സ്പിൽ ഓവർ പദ്ധതി, വനിതസംഘങ്ങൾക്ക് പച്ചക്കറികൃഷിക്ക് സബ്സിഡി എന്നിങ്ങനെ രണ്ടു പ്രോജക്ടുകൾ മാത്രമാണ് കൃഷി ഓഫീസർ നടപ്പാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് മുൻകാലങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ അപാകത ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. 2022-23 വർഷം കൃഷി ഓഫീസർ ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | കുമ്മായ വിതരണം (എസ്.സി.) | 294746 | 294746 |
| 2 | വനിതസംഘങ്ങൾക്ക് പച്ചക്കറികൃഷിക്ക് സബ്സിഡി | 450000 | 450000 |
| | ആകെ | 744746 | 744746 |

കർഷകർ ജൈവകൃഷി രീതികളിലേക്ക് മാറിയതിനാൽ മൃഗസംരക്ഷണമേഖലയ്ക്കും സ്വാഭാവികമായി ഏറെ പ്രാധാന്യം കൈവന്നു. പ്രസ്തുത മേഖലയിലും ക്ഷീരവികസനമേഖലയിലും ശാസ്ത്രീയ പരിശീലനം, വൈദഗ്ധ്യം, അനുഭവസമ്പത്ത് എന്നിവ കൈമുതലായുള്ള വെറ്ററിനറിസർജന് പദ്ധതി നിർവഹണത്തിൽ വളരെ നിർണായകമായ പങ്കാണ് വഹിക്കുവാനുണ്ടായിരുന്നത്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥനെ ആവർത്തന സ്വഭാവമുള്ള ഏതാനും പ്രോജക്ടുകൾ ഒഴികെ സവിശേഷമായ പദ്ധതികളുടെ നിർവഹണത്തിന് തൻവർഷം ചുമതലപ്പെടുത്താതിരുന്ന വിവരവും ഈ സാഹചര്യത്തിൽ പ്രത്യേകം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവഹണത്തിൽ നിർണായക പങ്ക് വഹിക്കേണ്ട പ്രസ്തുത നിർവഹണ ഉദ്യോഗസ്ഥരുടെ പങ്കാളിത്തമില്ലായ്മ ജനങ്ങളുടെ സ്വാഭാവിക നീതിയാണ് നിഷേധിക്കുന്നത്. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ കണ്ടറിഞ്ഞ് സമയബന്ധിതമായി സേവനമെത്തിക്കുന്നതിനാണ് ത്രിതല സംവിധാനത്തിലൂടെ സർക്കാർ അധികാരവികേന്ദ്രീകരണം നടപ്പാക്കിയത്. പദ്ധതി നിർവ്വഹണത്തിൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള അവഗണന ഉചിതമായ നടപടിയിലൂടെ ഭരണസമിതി പരിഹരിക്കേണ്ടതാണ്. വാർഡ് തലത്തിൽ പശ്ചാത്തലമേഖലയിൽ ഫണ്ട് വീതം വയ്ക്കുന്നതിനായി കാർഷിക മേഖലയെ അവഗണിക്കുന്നതും കൃഷി ഓഫിസറുടെ നിസ്സഹകരണവും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം പരിശോധന നടത്തേണ്ടതാണ്. അധികാരക്കൈമാറ്റം വഴി വിട്ടുകിട്ടിയ മുഴുവൻ ജീവനക്കാരുടെയും സേവനം പദ്ധതി ആസൂത്രണ-നിർവഹണപ്രക്രിയകൾക്ക് കാര്യക്ഷമമായി വിനിയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ, ഭരണവകുപ്പ്, ഭരണസമിതി എന്നിവരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 862407 | 1812498 + 24027 (Interest) | 2698932 | 868084 | 1830848 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 96143000 | 96143000 | 96143000 | 0 |

## 1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3077600 | 283 |
| വിധവാ പെൻഷൻ | 10477800 | 908 |
| വാർദ്ധക്യകാല പെൻഷൻ | 22469600 | 1979 |
| വികലാംഗ പെൻഷൻ | 3782600 | 313 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 227200 | 22 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3744/- (മൂവായിരത്തി എഴുന്നൂറ്റി നാൽപത്തിനാല് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

22 അംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന താഴെ പട്ടികയിൽ പരാമർശിക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 1 |
| അസി. സെക്രട്ടറി | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 |
| സീനിയർക്ലാർക്ക് | 3 |
| ക്ലാർക്ക് | 3 |
| ഓഫീസ് അറ്റന്റന്റ് | 2 |

ഇതോടൊപ്പം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട, ടെക്നിക്കൽ അസിസ്റ്റന്റും പ്രോജക്ട് അസിസ്റ്റന്റും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല. നിക്ഷേപ രജിസ്റ്ററിൽ അന്തിമ തുകകൾ നിർണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നിലനിർത്തിയതായും കാണുന്നു. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ടെങ്കിലും വരവുകളുടെയും ചെലവുകളുടെയും വിശദാംശങ്ങളൊന്നും ഉൾപ്പെടുത്തുന്നില്ല. ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2023 ഒക്ടോബർ 31-വരെ നടത്തിയിട്ടുണ്ടെങ്കിലും ക്രമീകരണങ്ങളിൽ അവ്യക്തതയുണ്ട്.

4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്. എന്നാൽ ഫയലുകൾ, വിവിധ രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും

ഓൺലൈൻ സംവിധാനത്തിലേയ്ക്ക് ഉൾപ്പെടുത്താനായിട്ടില്ല. ഉദാഹരണം വാടക, തൊഴിൽ നികുതി, വിവിധ ഡെപ്പോസിറ്റുകൾ എന്നിവ.

5. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. 2021-22-ലെ ഡിമാന്റ് തുകകളുടെ 90% ഈടാക്കാതിരുന്നതുമൂലം തൻവർഷം സർക്കാർ ₹ 2.56 ലക്ഷം രൂപ ഗ്രാന്റിൽ നിന്ന് കുറവു ചെയ്തു. തൻവർഷവും വീഴ്ച ആവർത്തിച്ചതിനാൽ തുടർന്നുള്ള വർഷവും ഏതാണ്ട് 2.82 ലക്ഷത്തിലധികം രൂപ നഷ്ടപ്പെടുന്നതാണ്.

6. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

7. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്ത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയതിനാൽ ഗണ്യമായ പരാമർശങ്ങൾ/റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ കാർഷിക മേഖല പ്രധാന വരുമാന മാർഗ്ഗമായ പഞ്ചായത്തിൽ ഈ മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ എണ്ണം വളരെ കുറവാണ്.

9. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-8-1 സകർമ്മ മിനിട്ട്സ് സൂക്ഷിപ്പിൽ - അപാകതകൾ

മിനിട്സ് യഥാസമയം ക്ലോസ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ തീരുമാനം യഥാസമയം സകർമയിൽ ഉൾപ്പെടുത്തുന്നതിലും അവ ക്ലോസ് ചെയ്യുന്നതിലും നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടു. യോഗ നടപടിക്രമങ്ങൾക്ക് സർക്കാർ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിഷ്കർഷകൾ ചുവടെ ചേർക്കുന്നു.

1) ചട്ടം 26(3) പ്രകാരം യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്റ്ററും പഞ്ചായത്തിന്റെ യോഗ നടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്ട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും അവയിൽ മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും അവ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്. സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റലായാണ് പഞ്ചായത്ത് യോഗനടപടിക്രമങ്ങളും കമ്മറ്റി തീരുമാനങ്ങളും ഇപ്പോൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നത്. SRO No.1021/2003 തീയതി11-11-2003 പ്രകാരം യോഗ നടപടികളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) ചട്ടം 26(4) പ്രകാരം പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും കാർബൺ പേപ്പർ പകർപ്പ് യോഗം അവസാനിച്ചാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നടപടിക്രമങ്ങളും ഇപ്പോൾ സകർമ്മ മുഖേനയാണ് പാലിക്കുന്നത്. SRO No.1021/2003 തീയതി 11-11-2003 പ്രകാരം സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് യോഗ തീരുമാനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ അപ്രകാരമുള്ള തിരുത്തലുകളോടെയോ അല്ലാതെയോ യോഗനടപടിക്കുറിപ്പ് സെക്രട്ടറിക്ക് തിരിച്ച് അയക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.


3) ചട്ടം 26(5) ൽ തീരുമാന രജിസ്റ്ററിൽ (സകർമ്മ) രേഖപ്പെടുത്തുന്ന തീരുമാനങ്ങളും പ്രമേയങ്ങളും പൂർണ്ണവും സ്വയം വിശദീകരിക്കുന്നതും സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇട നൽകാത്തതും ആയിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. SRO No.1021/2003 തീയതി 11-11-2003 പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാലുടൻ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.


4) ചട്ടം (6) പ്രകാരം യോഗത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. മിനിട്ട്സുകളുടെ പരിപാലനത്തിനായി തയ്യാറാക്കിയ സകർമ്മ സേഫ്റ്റ്‌വെയർ പ്രകാരമുള്ള രേഖകൾ പരിശോധിച്ചതിൽ മിനിട്ട്സുകൾ ചട്ടപ്രകാരം പരിപാലിക്കുന്നില്ലായെന്നും യഥാസമയം ക്ലോസ് ചെയ്യുന്നില്ലായെന്നും വ്യക്തമായിട്ടുണ്ട്.

മിനിട്ട്സുകൾ പൂർത്തിയാക്കി ക്ലോസ് ചെയ്യാത്തത് 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾക്ക് എതിരാണ്. മിനിട്ട്സുകൾ യഥാസമയം ക്ലോസ് ചെയ്യാത്തത് പിന്നീട് അദ്ധ്യക്ഷന്റെയോ കമ്മറ്റി അംഗങ്ങളുടെയോ അംഗീകാരമില്ലാതെ മിനിട്ട്സിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരുത്തുന്നതിന് ഇടയാക്കും. ആയതിനാൽ മിനിട്ട്സുകൾ ചട്ടപ്രകാരം പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സകർമ്മ ഡാഷ് ബോർഡ് പ്രകാരം 2022-ൽ 3 മിനിട്ടുസുകളുടെയും 2023-ൽ 3 മിനിട്ട്സുകളുടെയും എൻടി നാളിതുവരെ തുടങ്ങാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.13/തീ.15.11.2023) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് സമാപനയോഗത്തിൽ വിഷയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. അജൻഡ നിശ്ചയിച്ചുവെങ്കിലും പ്രസ്തുത തീയതികളിൽ യോഗം ചേരാതിരുന്നതിനാലാണ് അപാകതയുണ്ടായതെന്നും അത് നിലവിൽ പരിഹരിച്ചുവെന്നും പ്രസിഡന്റ് അറിയിക്കുകയുണ്ടായി.




1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം "യോഗ തീരുമാനങ്ങളും യോഗ നടപടി ക്രമവും രേഖപ്പെടുത്തൽ" എപ്രകാരമായിരിക്കണമെന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മിനിട്ട്സുകളുടെ പരിപാലനം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ നിരീക്ഷിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-9 തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയേതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖയിൽ ഒരു അക്കൗണ്ട് പരിപാലിക്കുന്നുണ്ട് (നം.0239073000000329). കൂടാതെ വസ്തുനികുതിയുടെ ഓൺലൈൻ പിരിവിനായി പഞ്ചായത്തിന്റെ ഇപെയ്മെന്റ്

അക്കൗണ്ട് എസ്.ബി.ഐ. യിൽ നിലവിലുണ്ട് (നം.37226226554). കറന്റ് അക്കൗണ്ടായതിനാൽ പ്രസ്തുത അക്കൌണ്ടുകളിൽ നിന്നും പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 30.10.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം യുപിഐ, ഇ പെയ്മെന്റ് അക്കൗണ്ടുകളിൽ യഥാക്രമം ₹1,515,341/-, ₹1,958,440/- അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 കാലഹരണപ്പെട്ട ചെക്കുകൾ ലഭ്യമാകാനുള്ള വരവുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി

ഗ്രാമപഞ്ചായത്തിന് 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ലഭിച്ച മൂന്ന് ചെക്കുകൾ ബാങ്കിൽ സമർപ്പിച്ചുവെങ്കിലും അവ ഇപ്പോഴും പണമാക്കാത്തവയുടെ ഗണത്തിൽ പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തി വരുന്നു. ( ആകെത്തുക ₹81750/-). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം. തീയതി | തുക | തുക ഒടുക്കിയ വ്യക്തി |
|---|---|---|
| 5304306/ 16.4.22 | ₹26000 | സ്പെഷ്യൽ തഹസിൽദാർ,<br>(ഭൂപതിവ് ), മുരിയ്ക്കാശ്ശേരി |
| 2935564/21.03.22 | ₹35750 | മെഡിക്കൽ ഓഫീസർ (CHC) |
| 2708378/21.03.22 | ₹20000 | വിവരങ്ങൾ ലഭ്യമല്ല |
| ആകെ | ₹81750 | |

ഭാരതീയ റിസർവ് ബാങ്കിന്റെ ഉത്തരവനുസരിച്ച് ഒരു ചെക്കിന്റെ കാലാവധി മൂന്നു മാസമാണ്. 2011-കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 21, 22 അനുസരിച്ച് കാലപരിധി കഴിഞ്ഞ/ Dishonour ആയ ചെക്കുകളുടെ തുക ഡിമാന്റ് കണക്കുകളിൽ പുനഃക്രമീകരിച്ച് അത് ഒടുക്കിയ വ്യക്തിക്ക് നോട്ടീസ് നൽകേണ്ടതും തദനുസരണം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ പാലിക്കാതെ പൊരുത്തപ്പെടുത്തൽ പത്രികയിൽ നിലനിർത്തി വരുന്നതിനാൽ യഥാർത്ഥ പിരിവ് കണക്കിൽ വ്യത്യാസം സംഭവിച്ചു. ലഭിച്ച ചെക്കുകളുടെ സ്രോതസ് വിവരങ്ങൾ കണ്ടെത്തി, അവ ഈടാക്കി കണക്കുകൾ പുനഃക്രമീകരിച്ച് , വിവരം അറിയിക്കേണ്ടതാണ്.

1-11 തനത് വിഭവ സമാഹരണം-അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിയ്ക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകന കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ, പെർമിറ്റ് ഫീസുകൾ, സ്ലോട്ടർ ഹൗസ് ലേലം തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്യുന്നില്ലെന്ന് മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു. കൂടാതെ വസ്തുനികുതി പരിഷ്കരണത്തിലൂൾപ്പെടെ തനത് വരവ് വർദ്ധനവിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനോ ശ്രദ്ധിച്ചിട്ടില്ലെന്ന് കാണുന്നു.

1. വസ്തുനികുതി പരിഷ്കരണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ. (എംഎസ്) 77/2023നമ്പർ ഉത്തരവ് , തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ ജി.ഒ(പി) 25/2023നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാപഞ്ചായത്തുകളിലെ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. തദനുസരണം വാത്തിക്കുടി ഗ്രാമപഞ്ചായത്ത് 10.05.2023-ലെ 3(1) മുതൽ 3(3) വരെയുള്ള തീരുമാനങ്ങൾപ്രകാരം നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിക്കുകയും

22.7.2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ നിരക്കുകളാണ് നിലവിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 - ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്നുമുള്ള നിർദേശമുണ്ടെങ്കിലും ഉദ്യോഗാർത്ഥികളെ കണ്ടെത്തി ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. 1.4.2023 പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ 5% നികുതി വർദ്ധനവ് സോഫ്റ്റ്‌വെയറിൽ പുതുക്കിയിട്ടുണ്ട്.

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വസ്തുനികുതി സ്ലാബുകളിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് പഞ്ചായത്തിൽ നിശ്ചയിച്ചു വരുന്നതെന്ന് പരാമർശിച്ചിരുന്നു. എന്നാൽ നിലവിലെ പരിഷ്കരണത്തിലും സർക്കാർ നിശ്ചയിച്ച സ്ലാബുകളിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് പഞ്ചായത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത്. വസ്തുനികുതിയിൽ നിശ്ചയിക്കാവുന്ന അനുവദനീയ സ്ലാബും നിലവിൽ പഞ്ചായത്ത് ഈടാക്കുന്ന അടിസ്ഥാന നിരക്കുകളും താഴെ ചേർക്കുന്നു.

ആയതിനാൽ കാര്യമായ വരുമാന വർദ്ധനവ് വസ്തുനികുതി പരിഷ്കരണത്തിൽ നിന്നും പഞ്ചായത്തിന് ലഭിക്കാത്ത സാഹചര്യമാണുള്ളത്. മൊബൈൽ ടവറിന്റെ വസ്തുനികുതി നിരക്കിൽ പോലും ഏറ്റവും കുറഞ്ഞ നിരക്കാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. മറ്റിനങ്ങളിലുള്ള തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള സാഹചര്യം കുറവായ ഗ്രാമപ്പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ കൈവരിക്കാമായിരുന്ന വരുമാന വർദ്ധന ഇതുമൂലം ഇല്ലാതാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ കൂടി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/2017- ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ഭേദഗതി ചെയ്ത ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല. പുതുക്കിയ ലൈസൻസ് ചട്ടങ്ങളിൽ ഉൾപ്പെട്ട ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും നിലവിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ മാത്രമാണ് പുതുക്കി വരുന്നത്. ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസെടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

3. തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ്കിലും പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ,

ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷ്വറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതിയിൽ നിന്നും ഒഴിവായി നിൽക്കുന്നുണ്ടെന്ന കാണുന്നു. കൃത്യമായ ഡേറ്റാ ബാങ്ക് തയ്യാറാക്കി പരമാവധി പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വാടക പിരിവ് പൂർണ്ണമല്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ₹768567/- പിരിച്ചെടുക്കാനവശേഷിക്കുന്നു. ഷോപ്പിംഗ് കോംപ്ലക്സിലെ എല്ലാ മുറികളും വാടകയ്ക്ക് നൽകാനായിട്ടില്ലെന്ന് കാണുന്നു. മുറികൾ വാടകയ്ക്കെടുത്തവരുമായി കരാറിലേർപ്പെടുന്നില്ല.

പഞ്ചായത്തിന്റെ ബസ് സ്റ്റാന്റ്, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവടങ്ങളിൽ നിന്നും വരുമാനമൊന്നും ലഭിക്കുന്നില്ല. ആയവ ലേലം നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

### 1-11-1 റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.56 ലക്ഷത്തിലധികം രൂപ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ഇ.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തികവർഷം റവന്യൂ പിരിവിൽ 90% കൈവരിക്കാതിരുന്നത് മുൻനിർത്തി വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്ന് ₹255620/- കുറവു വരുത്തിയാണ് സർക്കാർ തൻവർഷത്തെ അലോട്ട്മെന്റ് നൽകിയത്. ലഭ്യമായ വരുമാനസ്രോതസുകൾ പൂർണമായി പിരിച്ചെടുക്കാതെ സർക്കാർ ഗ്രാന്റ് കൂടി നഷ്ടപ്പെടുത്തിയ സാഹചര്യം പിരിവ് വിഭാഗം ജീവനക്കാരുടെയും, മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷവും പിരിവിൽ വേണ്ടത്ര പുരോഗതിയില്ലാത്തതിനാൽ സമാനമായ അവസ്ഥയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്നത്. വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര തനതു ഫണ്ട് കണ്ടെത്താൻ കഴിയാതെ വായ്പകളെയും സർക്കാർ ഗ്രാന്റുകളെയും ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് റവന്യൂ പിരിവിൽ വീഴ്ച വരുത്തിയത് ശരിയായ നടപടിയല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-12 വസ്തു നികുതി നിർണ്ണയം,പിരിവ് - അപാകതകൾ

#### എ) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു

സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി രേഖകൾ പരിശോധിച്ചതിൽ, തറ വിസ്തീർണ്ണം 100 M2 അധികരിക്കുന്ന വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുത്തി ₹30/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള അത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹50/-യാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (2), (7), (9) പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 M2 ന് മേൽ വലിപ്പമുള്ള കെട്ടിടങ്ങളെ മുറികളായി വിഭജിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 100 M2 ൽ താഴെയുള്ള കെട്ടിടമായി കണക്കാക്കുവാൻ പാടില്ല. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നമ്പർ | പെർമിറ്റ് പ്രകാരം നിർമ്മാണ അനുമതി നൽകിയ വിസ്തീർണം | നിർമ്മാണം പൂർത്തിയാക്കിയ വിസ്തീർണം | കെട്ടിട നമ്പർ നൽകിയതിന്റെ വിവരം | നിർണ്ണയം നടത്തിയ അടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|---|---|
| എ3-ബി.എ.(19550)/ 2019 29-12-2018 | 177.87 Sqm | 165.52 Sqm | 4/96 A,4/96B,4/96C,4/96 D,4/96E,4/96F,496/G | 30(100 ച.മീ.വരെ വിസ്തീർണ്ണം ഉള്ള ഷോപ്പ് മുതലായവ) |

മേൽ വിവരിച്ച കെട്ടിടത്തിന്റെ പെർമിറ്റ് അപേക്ഷയിലും, കംപ്ലീഷൻ പ്ലാനിലും ഒറ്റ കെട്ടിടം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും അത് 7 മുറികളായി വിഭജിച്ചാണ് നികുതി നിർണയം നടത്തിയത്. തന്മൂലം നികുതിയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/15-11-2023) മറുപടി ലഭ്യമാക്കി. മേൽ പരാമർശിത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിച്ച് ഡിമാന്റ് നോട്ടീസുകളുടെ പകർപ്പുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത നടപടി അംഗീകരിക്കുന്നു. നികുതി നിർണ്ണയം ചട്ടവിധേയമായി നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി)മൊബൈൽ ടെലഫോൺ ടവറിന്റെ നികുതി ഈടാക്കുന്നില്ല.

വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ 9ാം വാർഡിൽ പ്രവർത്തിക്കുന്നതും 9/506 എന്ന കെട്ടിട നമ്പർ നൽകിയിട്ടുള്ളതുമായ മൊബൈൽ ടെലഫോൺ ടവറിന്റെ വസ്തു നികുതി പ്രതിവർഷം 10584/-രൂപ നിരക്കിൽ നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയയിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 മുതൽ 2022-23 വരെ ആകെ ₹100800/- കുടിശിക ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ പ്രകാരമുള്ള തുകകൾ കാലഹരണപ്പെടുന്നതിനുമുൻപ് ഈടാക്കുന്നതിൽ വലിയ വീഴ്ച സംഭവിച്ചിട്ടുണ്ട്. തന്മൂലം തൻവർഷവും തുടർന്നുള്ള വർഷവും ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ ലക്ഷങ്ങളുടെ കുറവ് സംഭവിച്ച വസ്തുത പ്രത്യേകം കാണേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13-1 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

തൻവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയില്ലായെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സെന്റ് മേരിസ് എച്ച്എസ്എസ് മുരിക്കാശേരി, യുപി വിഭാഗം | II |
| 2 | കെയർ ഹെൽത്ത് ക്ലിനിക് | II |
| 3 | ഹൈറേഞ്ച് വനിതാ സഹകരണ സംഘം | I & II |
| 4 | EGFL ഫിനാൻസ് | I & II |
| 5 | ക്യാപിറ്റൽ ഫിൻസേർവ് ലിമിറ്റഡ് | I & II |
| 6 | ധനചക്ര ലീസിംഗ് & ഹയർ പർച്ചേസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 7 | ശ്രീരാം ഫിനാൻസ്, മുരിക്കാശേരി | I & II |
| 8 | കെ എൽ എം നിധി ലിമിറ്റഡ് | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/തീ.16.11.23) മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13-2 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

തൻവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളുടെ തൊഴിൽ നികുതി 2022-23 വർഷത്തെ ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കിയിട്ടില്ലായെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഹൈറേഞ്ച് വനിതാ സഹകരണ സംഘം | I & II |
| 2 | EGFL ഫിനാൻസ് | I & II |
| 3 | ക്യാപിറ്റൽ ഫിൻസേർവ് ലിമിറ്റഡ് | I & II |
| 4 | ധനചക്ര ലീസിംഗ് & ഹയർ പർച്ചേസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 5 | ശ്രീരാം ഫിനാൻസ് മുരിക്കാശേരി | I & II |
| 6 | കെഎൽഎം നിധി ലിമിറ്റഡ് | I & II |
| 7 | ആപ്കോസ് കനകക്കുന്ന് | I & II |
| 8 | ആപ്കോസ് രാജപുരം | I & II |
| 9 | കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് ബഥേൽ | I |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/തീ.16.11.23) മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

A) പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും,ലൈസൻസ് നൽകലും -ചട്ടം പാലിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ പ്രകാരം തൻവർഷം ആകെ 12 സ്ഥാപനങ്ങൾ മാത്രമാണ് പുതുതായി രജിസ്റ്റർ ചെയ്യുകയോ അവരുടെ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും,

വ്യാപാരങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) (2017-ൽ ഭേദഗതി ചെയ്തത്) ചട്ടങ്ങളിലെ ചട്ടം 3-ന കീഴിലുള്ള ഒന്നാം പട്ടികയിലെ 142, 143 നമ്പർ ഇനങ്ങളനുസരിച്ച് ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിൽനിന്നുള്ള ലൈസൻസ് അനിവാര്യമാണ്. ഹരിത കേരളം പദ്ധതിയുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിന് തയ്യാറാക്കിയ വാർറൂം പോർട്ടലിൽ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള വിവരങ്ങളനുസരിച്ച് ആകെ 24 ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസോടെയല്ല പ്രവർത്തിച്ചിട്ടുള്ളത്.

B) വിവിധ വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന് സമീപം പ്രവർത്തിക്കുന്ന മുരിക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് വക വളം ഡിപ്പോ, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ് എന്നിവയ്ക്ക് പോലും ലൈസൻസ് നൽകിയതിന്റെ വിവരം രജിസ്റ്ററിൽ ഇല്ല. ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പലതും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന വസ്തുതയും പ്രത്യേകം കാണേണ്ടതാണ്. പൊതു ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള തദ്ദേശ ഭരണസ്ഥാപനം എന്ന നിലയിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ട ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ പ്രകടിപ്പിച്ചിട്ടുള്ള ഉദാസീന നിലപാട് ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

C) ഗ്രാമ പഞ്ചായത്ത് വക മാംസ വിൽപ്പനയ്ക്കുള്ള അവകാശം ലേലത്തിൽ പിടിച്ചവർ ലൈസൻസ് എടുത്തിട്ടില്ല.

2022-23 വർഷത്തെ ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുരിക്കാശ്ശേരി, തോപ്രാംകുടി മാർക്കറ്റുകളിലെ മാംസ വിൽപ്പനയ്ക്കുള്ള അവകാശം ലേലം ചെയ്ത് നൽകുന്നതിനായി നം.എ3-1351/22 പ്രകാരം ലേല/ക്വട്ടേഷൻ പരസ്യം നൽകിയിട്ടുണ്ട്. ആയത് പ്രകാരം 05-04-2022 തീയതി മുരിക്കാശ്ശേരി, തോപ്രാംകുടി എന്നീ മാർക്കറ്റിലെ മാംസ വിൽപ്പന അവകാശം ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ലേലം പിടിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാർക്കറ്റ് | ലേലം പിടിച്ചയാൾ | ലേല തുക |
|---|---|---|---|
| 1 | മുരിക്കാശ്ശേരി | റ്റിജു , കുരുവിള പ്ലാക്കൽ | 1250000 |
| 2 | തോപ്രാംകുടി | സോമൻ പി.എം.,പള്ളിക്കടവിൽ | 3010000 |

08-04-2022 തീയതി നടന്ന ഗ്രാമ പഞ്ചായത്തിന്റെ സാധാരണ മീറ്റിംഗിലെ 2(1) നമ്പർ തീരുമാനം പ്രകാരം ലേലം അംഗീകരിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ വിവരിച്ച രണ്ട് ലേലക്കാരും ലൈസൻസ് എടുത്തതായി രേഖപ്പെടുത്തിട്ടില്ല. ഗ്രാമ പഞ്ചായത്ത് വക മാർക്കറ്റുകളിൽ നിന്ന് കുത്തക അവകാശം പിടിച്ചവർ പോലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യ വസ്തുക്കളുടെ വ്യാപാരം എന്ന നിലയിലും സാംക്രമിക രോഗങ്ങൾ പടർന്നു പിടിച്ച് ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുമെന്നതിനാലും മേൽ വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ചട്ടം ഭേദഗതി ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും സ്ഥാപനങ്ങളെ അതിന്റെ പരിധിയിൽ കൊണ്ടു വരാത്തതും ഗൗരവകരമാണ്. ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസ്, തൊഴിൽനികുതി, രജിസ്ട്രേഷൻ ഫീസ് എന്നീയിനങ്ങളിൽ ഗണ്യമായ നഷ്ടം വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/15-11-2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഗവ.ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും വാർ റൂം പോർട്ടലിൽ ഉണ്ട് എന്നാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ അടുത്ത് തന്നെ പ്രവർത്തിക്കുന്ന മുരിക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് വക നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ് എന്നിവ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് എൻക്വയറി നം.23/16-11-2023 ന് ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് എൻക്വയറി നം.9/15-11-2023 ന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ പിരിക്കുന്നത് രേഖപ്പെടുത്തുന്നതിൽ വ്യക്തത ഇല്ലാത്തത് മൂലം തുക ലഭിച്ചത് സംബന്ധിച്ച് ഉറപ്പാക്കാൻ കഴിയുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും, ലൈസൻസ് നൽകി സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ആകെ 29 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ കടമുറികളും ഉപയോഗത്തിലാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന ആസ്തിയായ കടമുറികൾ ലേലം ചെയ്ത് വരുമാനം സ്വരൂപിക്കുന്നതിൽ അപാകതയുണ്ട്. ഓഡിറ്റ് വർഷം കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 178-ാം വകുപ്പ്, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം വസ്തു വകകൾ കയ്യൊഴിയുന്നതിന് ബൈലോ രൂപീകരിച്ച് അംഗീകരിച്ചതിന്റെ വിവരങ്ങൾ ഇല്ല.

2. പകുതിയലധികം കെട്ടിടങ്ങളുടെ കുത്തകക്കാരുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

3. വാടകയ്ക്ക് നൽകിയിരിക്കുന്ന മിക്കവാറും കെട്ടിടങ്ങളിൽ നിന്നും വാടക യഥാസമയം ലഭിക്കുന്നില്ല. സാമ്പത്തിക വർഷാവസാനമാണ് അത് ലഭിക്കുന്നത്. ഇപ്രകാരം ഈടാക്കിയ വാടകയോടൊപ്പം പിഴപ്പലിശയായി ലേല നിബന്ധനയിൽ പരാമർശിച്ചതിൽ കുറഞ്ഞ നിരക്കിലാണ് തുക ഈടാക്കിയിട്ടുള്ളത്. ലേല നിബന്ധന അനുസരിച്ച്, യഥാസമയം വാടക ഒടുക്കാത്ത വ്യക്തികളിൽ നിന്ന് 18% പിഴ പലിശ ഈടാക്കേണ്ടതാണ്. പിഴ പലിശയിനത്തിലെ കുറവ് പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4.. 2022-23 വർഷത്തെ DCB തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് വർഷം ലഭിച്ച തുക, കുടിശ്ശിക എന്നിവയുടെ വിവരം ലഭ്യമല്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കപ്പെട്ടിട്ടില്ല.

3. 2022-23 വർഷത്തെ ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് ചില കുത്തകക്കാർ തൻവർഷം വാടക പൂർണമായി ഒടുക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്റർ പേജ് | കുത്തകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഒടുക്കാൻ അവശേഷിക്കുന്ന മാസങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 1* | 44 | പോസ്റ്റ് മാസ്റ്റർ | 2300 | 12/22-<br>03/23 | |
| 2** | 61 | അസിസ്റ്റന്റ് മാനേജർ സപ്ലൈക്കോ | 4000 | 2021-22,<br>2022-23, | നാളിതു വരെ വാടക ഒടുക്കിയിട്ടില്ല. |
| 3*** | 65 | സ്പെഷ്യൽ തഹസിൽദാർ LA ഓഫീസ്, മുരിക്കാശ്ശേരി | രേഖപ്പെടുത്തിയിട്ടില്ല | 2022-23<br>മുഴുവൻ | ഈ വർഷം നാളിതു വരെ വാടക അടച്ചിട്ടില്ല. |

*പോസ്റ്റ് ഓഫീസിന്റെ വാടക 2021-22 വർഷം ₹2300/- ആയിരുന്നു. എന്നാൽ 2022-23 വർഷം സെപ്റ്റംബർ മാസം മുതലാണ് വാടക വർദ്ധന നടത്തിയിട്ടുള്ളത്.

**5, 6, 7, 8 എന്നീ നമ്പറുകൾ പ്രകാരമുള്ള കെട്ടിടങ്ങൾ സപ്ലൈക്കോ ഉപയോഗിക്കുന്നതായി 2021-22 വർഷത്തെ വാടക രജിസ്റ്ററിൽ (പേജ് 26) രേഖപ്പെടുത്തിയിട്ടുണ്ട്. വാടക ₹4000/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

*** LA സ്പെഷ്യൽ തഹസിൽദാറുടെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തിയതല്ലാതെ വാടക വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2021-22 വരഷത്തെ വാടക രജിസ്റ്റർ പേജ് 31 ൽ വാടക 5953 എന്ന് രേഖപ്പെടുത്തി വാടക ഈടാക്കിയിട്ടുണ്ട്.

വാടകക്കാരുമായി കരാറിൽ ഏർപ്പെടാനും, വാടക യഥാസമയം ഈടാക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിവിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 8/15-11-2023, 20/16-11-2023) മറുപടി ലഭ്യമാക്കി. പരാമർശിത അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായാണ് മറുപടിയിൽ വിശദമാക്കിയിട്ടുള്ളത്. തുടർനടപടികളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-16 മാംസ വിൽപ്പനയ്ക്കുള്ള അവകാശം ലേലം ചെയ്ത് നൽകിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുരിക്കാശ്ശേരി, തോപ്രാംകുടി മാർക്കറ്റുകളിലെ മാംസ വിൽപ്പനയ്ക്കുള്ള തൻവർഷത്തെ അവകാശം 05-04-2022-ൽ ലേലം ചെയ്ത് നൽകിയിട്ടുണ്ട്. (പരസ്യ നമ്പർ നം.എ3-1351/22). കുത്തകാവകാശം സിദ്ധിച്ച വ്യക്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാർക്കറ്റ് | കുത്തകക്കാരന്റെ പേര് | ലേല തുക |
|---|---|---|---|
| 1 | മുരിക്കാശ്ശേരി | ശ്രീ. റ്റിജു , കുരുവിള പ്ലാക്കൽ | 1250000 |
| 2 | തോപ്രാംകുടി | ശ്രീ. സോമൻ പി.എം.,പള്ളിക്കടവിൽ | 3010000 |

ഗ്രാമ പഞ്ചായത്തിന്റെ 08-04-2022- ലെ സാധാരണ യോഗ തീരുമാന പ്രകാരം (നം.2(1)) ലേല നടപടികൾ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത കുത്തകാവകാശ ലേലവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലേലം സ്ഥിരപ്പെടുത്തിയാൽ ലേലക്കാരൻ ₹200/- മുഖവിലയുള്ള മുദ്ര പത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ് . ലേല ഫയലിൽ ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഇല്ല.

2. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനകം ലേല തുക പൂർണമായി അടയ്ക്കണമെന്ന് ലേല പരസ്യത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ തുക ഒടുക്കിയത് 2022 സെപ്റ്റംബർ മാസമാണ്. ഈടാക്കിയ തുകയുടെ വിശദ വിവരം രേഖപ്പെടുത്തിയിട്ടില്ല.

3. മുരിക്കാശ്ശേരി മാർക്കറ്റിന്റെ കുത്തകാവകാശ ലേലത്തിൽ ഏറ്റവും ഉയർന്ന നിരക്ക് വാഗ്ദാനം ചെയ്തത് ശ്രീ. വിനോദ്, പറയ്ക്കപറമ്പിൽ, പടമുഖം എന്ന വ്യക്തിയാണ്. (2500000 (ഇരുപത്തഞ്ച് ലക്ഷം രൂപ). എന്നാൽ ലേല ഡയറി പ്രകാരം ശ്രീ. റ്റിജു എന്നയാൾക്ക് ₹1250000/- യ്ക്ക് ലേലം ഉറപ്പിച്ച് നൽകുകയാണ് ഉണ്ടായത്. ഏറ്റവും ഉയർന്ന നിരക്ക് വാഗ്ദാനം ചെയ്ത വ്യക്തിക്ക് ആണ് കുത്തകാവകാശം അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ

₹1250000/- ക്വാട്ട് ചെയ്ത ശ്രീ. റിജു കരുവിള, പ്ലാക്കൽ എന്ന വ്യക്തിക്കാണ് ലേലം ഉറപ്പിച്ച് നല്കിയത്. മത്സരം കൊഴുപ്പിക്കുവാൻ വ്യക്തികൾ മത്സരിച്ച് ലേലം വിളിക്കുകയും അതിനുശേഷം തുക ഒടുക്കാതെ പിൻവാങ്ങുകയും ചെയ്യുന്നതിനാലാണ് വൻതുകകൾ ലേല ഡയറികളിൽ ഉൾപ്പെടുന്നതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടിയ തുക വാഗ്ദാനം ചെയ്ത ആൾ ലേലത്തിൽ നിന്നും പിൻവലിഞ്ഞ സാഹചര്യത്തിൽ അയാൾക്കെതിരെ സ്വീകരിച്ച നിയമ നടപടികളും രേഖകളിൽ ഇല്ല. ഇത്തരം ആളുകളെ തുടർന്നുള്ള ലേലങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കി കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. നിലവിൽ മാംസ വിൽപ്പനയ്ക്കുള്ള അവകാശം ലഭിച്ചവർ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് ഇല്ലാതെ മാംസ വ്യപാരത്തിന് ഗ്രാമ പഞ്ചായത്ത് അധികാരികൾ അനുവദിച്ചത് ഗുരുതരമായ അപാതകതയാണ്. ഓഡിറ്റ് എൻക്വയറിക്ക (നം.23/തീ.16-11-2023) സമർപ്പിച്ച മറുപടിയിൽ ലൈസൻസ് എടുത്തിട്ടില്ലായെന്ന വിവരം അധികൃതർ അംഗീകരിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ മാംസ വ്യാപാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും മറ്റും വ്യവഹാരങ്ങൾ നടന്നിട്ടുണ്ട്. ഇപ്രകാരം നിയമ പ്രശ്നങ്ങൾ ഉള്ളപ്പോൾ വ്യക്തമായ കരാറിൽ ഏർപ്പെടാതെയും, ലൈസൻസ് ഇല്ലാതെയും ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/15-11-2023) ലഭ്യമാക്കിയ മറുപടിയിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലേലം സംബന്ധിച്ച മേൽ അപാകതകൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി കയ്യൊഴിയ്ക്കൽ നടപടികളിലെ പോരായ്മയാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

### 1-17 ബസ് സ്റ്റാന്റുകൾ വരുമാന സ്രോതസ്സുകളായി പ്രയോജനപ്പെടുത്തുന്നില്ല

വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന് മുൻവശത്താണ് മുരിക്കാശ്ശേരി ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്നത്. ഇവിടെ സ്വകാര്യ-KSRTC ബസുകൾ പാർക്ക് ചെയ്യുകയും, വന്നു പോകുകയും ചെയ്യുന്നുണ്ട്. ധാരാളം സ്വകാര്യ വാഹനങ്ങൾ ഇവിടെ പാർക്ക് ചെയ്യുന്നതായും കാണുന്നു. ഒപ്പം ഗ്രാമ പഞ്ചായത്ത് പരിധിയിലെ തോപ്രാംകുടിയിലും ഒരു ബസ്സ്റ്റാന്റ് പ്രവർത്തിക്കുന്നു. തൻവർഷ ധനകാര്യ പത്രിക പരിശോധിച്ചതിൽ ഇവയിൽ നിന്നുള്ള വരവുകളൊന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്ന് വ്യക്തമായി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 228, 1995- ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന് ബസ് സ്റ്റാന്റുകൾ നടത്തുവാനും അവയിൽ നിന്നും ഫീസ് പിരിക്കുവാനും അധികാരമുള്ളതാണ്. മുരിക്കാശ്ശേരി ബസ് സ്റ്റാന്റിൽ യാത്രക്കാർക്ക് ഇരിക്കാനും, പ്രാഥമിക ആവശ്യങ്ങൾക്കുമുള്ള സൗകര്യങ്ങൾ (വളരെ ആകർഷണീയമായ ഇരിപ്പിടങ്ങൾ ഉൾപ്പെടെ) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ളതാണ്. ഹൈറേഞ്ച് പ്രദേശത്തെ ജനങ്ങൾക്ക് കൃത്യമായ യാത്രാ സൗകര്യം ഒരുക്കുന്നതിന് ബസ് സ്റ്റാന്റ് അതിന്റെ സവിശേഷ സ്വഭാവത്തോടെ തന്നെ പരിപാലിക്കപ്പെടേണ്ടതാണ്. അതോടൊപ്പം നിലവിൽ മറ്റു വാഹനങ്ങൾ ബസ് സ്റ്റാന്റിൽ പാർക്ക് ചെയ്യുന്നത് പരിസരത്തുള്ള ഏതെങ്കിലും സ്ഥലത്തേക്ക് മാറ്റി നിലവിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വ്യാപാര സ്ഥാപനങ്ങളിലേക്കും, ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേക്കും എത്തുന്ന പൊതുജനങ്ങൾക്ക് സൗകര്യം ക്രമീകരിക്കാൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. തോപ്രാംകടി ബസ് സ്റ്റാന്റ് സംബന്ധിച്ച സാദ്ധ്യതകൾ പരിശോധിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള വരുമാന സ്രോതസ്സുകൾ ഉപയോഗപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10-15/11/2023) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാന്റിൽ ഒരേ സമയം 3 ബസുകളാണ് എത്തുന്നതെന്നും, ബസ് സ്റ്റാന്റ് ഉപയോഗം സംബന്ധിച്ച് കമ്മിറ്റി തീരുമാനം ഡിസംബർ 1 മുതൽ നടപ്പിൽ വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം തോപ്രാംകടി ബസ് സ്റ്റാന്റും പ്രവർത്തനം ആരംഭിക്കുന്നതിനെ കുറിച്ച് ഗ്രമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-18 ഇ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കി വരുന്നത്. തൻവർഷം 67 പ്രോജക്ടുകൾക്കായി ഒടുക്കിയ ₹137650/- ഗ്രാമപഞ്ചായത്തിന് അനുവദിച്ചു കിട്ടിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കി തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

### 1-19 ഗ്രാമ സഭ നോട്ടീസ് -യഥാർത്ഥ ആവശ്യകത പരിഗണിക്കാതെ വൻതോതിൽ അച്ചടിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ പദ്ധതിയുടെ രൂപീകരണത്തിന്റെ ഭാഗമായുള്ള പ്രിന്റിംഗ് ചാർജിനത്തിൽ സരിഗ ഓഫ് സെറ്റ് പ്രിന്റ് എന്ന സ്ഥാപനത്തിന് 542, 543 എന്നീ ബില്ലുകൾ പ്രകാരം ₹149,002/- നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം. 503,504/23.09.2022).

28.05.2022 മുതൽ 31.05.2022 വരെ സംഘടിപ്പിച്ച ഗ്രാമസഭകളുടെ നോട്ടീസിന്റെ 18000 പകർപ്പുകൾ പ്രിന്റ് ചെയ്ത ചാർജ്ജും പ്രസ്തുത തുകയിൽ ഉൾപ്പെട്ടിരുന്നു. ഇതിനായി ₹27000/- (13500 X 2) ആണ് ചെലവഴിക്കപ്പെട്ടത്. ഗ്രാമപഞ്ചായത്തിന് ആകെയുള്ള പതിനെട്ട് വാർഡുകളിലായി പതിനായിരത്തി അഞ്ഞൂറിൽ താഴെ ഭവനങ്ങൾ ആണ് ഉള്ളത്. പൊതുജനശ്രദ്ധയ്ക്ക അത്രയും നോട്ടീസുകൾ പ്രിന്റ് ചെയ്താൽ മതിയാകുമെന്നിരിക്കെ 18000 ഗ്രാമസഭാ നോട്ടീസുകൾ പ്രിന്റ് ചെയ്തതായി രേഖപ്പെടുത്തി അച്ചടിക്കൂലി നൽകിയ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/തീ.14.11.2023) സമർപ്പിച്ച മറുപടിയിൽ, മുൻ വർഷങ്ങളിൽ വിതരണം ചെയ്യപ്പോൾ പലർക്കും ലഭിച്ചില്ലെന്നുള്ള പരാതി ഒഴിവാക്കുന്നതിന് ഭരണസമിതി അംഗങ്ങളുടെ നിർദ്ദേശപ്രകാരം അംഗങ്ങൾക്ക് വിതരണം ചെയ്ത നോട്ടീസുകൾക്ക് പുറമേ കുടുംബശ്രീ പ്രവർത്തകർക്കും പത്രകെട്ടുകൾ മുഖാന്തിരവും, പൊതു ഓഫീസുകൾ, ബസ് സ്റ്റാന്റ് വെയ്റ്റിംഗ് ഷെഡ്ഡുകൾ എന്നിവിടങ്ങളിൽ കൂടിയും വിതരണം ചെയ്തതിനാലാണ് 18000 നോട്ടീസുകൾ പ്രിന്റ് ചെയ്യേണ്ടി വന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ആവശ്യമായതിലും 70% -ത്തിലധികം (7500- ഓളം) നോട്ടീസുകൾ പ്രിന്റ് ചെയ്ത നടപടി പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താല്പര്യങ്ങൾക്ക് എതിരാണ്. വരും കാലങ്ങളിൽ ആവശ്യകത പരിഗണിച്ച മാത്രം ചെലവുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ചെലവു വൗച്ചറുകൾ, അനുബന്ധ രേഖകൾ, ബിൽ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിൽ അപാകതകൾ

2022-23 വർഷത്തെ പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവ് വൗച്ചറുകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകങ്ങൾ വരുത്തിയിട്ടുള്ളതായി കാണുന്നു.

1, 2022 ഏപ്രിൽ മുതൽ 2022 നവംബർ വരെയുള്ള മാസങ്ങളിലെ ബിൽ വിവരങ്ങൾ ചേർത്തിട്ടുള്ള രജിസ്റ്ററിൽ വൗച്ചർ നം./തീയതി ചേർക്കുകയോ, ചെക്ക് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. ചുവടെ ചേർത്തിട്ടുള്ള വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല.

| ക്രമ നം | ബിൽ നം | തീയതി | വിവരണം | തുക | ചെക്ക് നം. (തീയതി രേഖപ്പെടുത്തിയിട്ടില്ല) |
|---|---|---|---|---|---|
| 1 | 35 | രേഖപ്പെടുത്തിയിട്ടില്ല | ഓഫീസിന്റെ വൈദ്യുതി ബിൽ | 510 | 8534 |
| 2 | 36 | 13.04.2022 | മാർച്ച് മാസ ജി.എസ്.ടി | 83794 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 43 | രേഖപ്പെടുത്തിയിട്ടില്ല | സോളാർ പാനൽ ഫിറ്റിംഗ് | 20000 | 8539 |
| 4 | 47 | 28.04.2022 | ടോണർ റീ ഫില്ലിംഗ് | 500 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 174 | 28.05.2022 | ഡിമാന്റ് നോട്ടീസ് നൽകിയത് | 2400 | 8954 |
| 6 | 234 | രേഖപ്പെടുത്തിയിട്ടില്ല | സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് | 6292 | 8975 |
| 7 | 303 | രേഖപ്പെടുത്തിയിട്ടില്ല | റിവർ ക്ലീനിംഗ് | 15000 | 9015 |
| 8 | 304 | രേഖപ്പെടുത്തിയിട്ടില്ല | മൈക്ക് അനൗൺസ്മെന്റ് | 8000 | 9016 |
| 9 | 544 | രേഖപ്പെടുത്തിയിട്ടില്ല | ഇലക്ട്രിക്കൽ ഐറ്റം വാങ്ങിയത് | 24000 | 3189 |
| 10 | 545 | രേഖപ്പെടുത്തിയിട്ടില്ല | കിണർ റിപ്പയറിംഗ് | 23940 | 3190 |
| 11 | 546 | രേഖപ്പെടുത്തിയിട്ടില്ല | പൈപ്പ് റിപ്പയറിംഗ് | 1390 | 3191 |
| | ആകെ | | | 185826 | |

ചെലവിനാധാരമായ രേഖകൾ തയ്യാറാക്കി അനുബന്ധ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കാതിരുന്ന നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 04/14.11.2023) നൽകിയതിനെത്തുടർന്ന് അവ ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ പരിശോധനയ്ക്ക ഹാജരാക്കി പ്രസ്തുത നടപടി അംഗീകരിക്കുന്നു. ഹാജരാക്കിയ വൗച്ചറുകളുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്. അനിവാര്യവിവരങ്ങൾ ഉൾപ്പെടുത്തി രേഖകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രം ചെലവുകൾ നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ധന.സ്ഥിരം സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 പഞ്ചായത്ത് വാഹനങ്ങളുടെ പരിപാലനം-അപാകതകൾ

ഗ്രാമപഞ്ചായത്തിന് രണ്ടു വാഹനങ്ങളാണ് സ്വന്തമായുള്ളത്. ഔദ്യോഗിക അവശ്യങ്ങൾക്ക് KL 6J 0785 നമ്പർ മഹീന്ദ്ര ബോലേറോ ജീപ്പും, ഹരിതകർമ്മ സേന മുഖേനയുള്ള മാലിന്യ നീക്കത്തിന് മഹേന്ദ്ര 4x4 പിക് അപ് വാനും ഉപയോഗിച്ചു വരുന്നു. ഇവയുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് വാഹനത്തിന്റെ 01.04.2022 മുതൽ 26.07.2022 വരെയുള്ള കാലയളവിലെ ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനം നിറയ്ക്കുന്ന ബില്ലിലെ വിവരങ്ങൾ ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

3. നാലും അഞ്ചും മാസത്തെ ഇന്ധന ബിൽ തുകകൾ ഒരുമിച്ചാണ് പെട്രോളിയം ഡീലർ ആവശ്യപ്പെട്ടിട്ടുള്ളത്.

4. ഇന്ധനം നിറയ്ക്കുന്ന ബില്ലുകൾ വൗച്ചറുകൾക്കൊപ്പമോ ലോഗ്ബുക്കിലോ സൂക്ഷിച്ചിട്ടില്ല.

5. ലോഗ്ബുക്കിലേയും ഇന്ധനം നൽകുന്ന സ്ഥാപനം സമർപ്പിച്ച ബില്ലുകളിലേയും വിവരങ്ങളിലെ പൊരുത്തക്കേടുകൾ മൂലം വാഹനം സഞ്ചരിച്ച ദൂരം കണക്കാക്കി തുക അനുവദിച്ചതായി കാണുന്നു.

6. ഹരിതകർമ്മസേനയ്ക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/14.11.2023) മറുപടി ഹാജരാക്കിയില്ല. ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കാത്ത കാലയളവിൽ ഇന്ധനം നിറച്ചതുമായി ബന്ധപ്പെട്ടാണ് പ്രധാനമായും അപാകതകൾ വന്നിട്ടുള്ളതെന്നതിനാൽ ഇതു സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തുന്നതിന് സാധിച്ചിട്ടില്ല. എന്നിരുന്നാലും ചെലവ് രേഖകളോടൊപ്പം ഉൾപ്പെടുത്തിയ സെക്ഷന്റെ വിശദീകരണത്തിൽ നിന്നും, വാഹനത്തിന്റെ മൈലേജ്, സഞ്ചരിച്ച ദൂരം എന്നിവ ആസ്പദമാക്കി തുക അനുവദിച്ചതായാണ് കാണുന്നത്. സർക്കാർ വാഹനങ്ങളുടെ പരിപാലനം/ അവയുടെ ദുരുപയോഗം തടയൽ എന്നിവയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ വിവിധ ഉത്തരവുകൾ / സർക്കുലറുകളിലൂടെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രധാനപ്പെട്ട ചില ഉത്തരവുകൾ / സർക്കുലറുകളിലെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

സ.ഉ.(പി) നമ്പർ. 803/70/ഫിൻ/13-11-1970

1) ലോഗ് ബുക്ക് സൂക്ഷിക്കുകയും ആയതിൽ വാഹനം ഓടിയതിന്റെയും ഇന്ധനം നിറച്ചതിന്റെയും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

2) ഓരോ വകുപ്പിലെയും മുതിർന്ന ഉദ്യോഗസ്ഥൻ ഓരോ മാസവും ലോഗ്ബുക്ക് പരിശോധിച്ച് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരെക്കൊണ്ടോ സാങ്കേതിക ജ്ഞാനമുള്ള അധികാരിയെക്കൊണ്ടോ ആറു മാസത്തിലൊരിക്കൽ വാഹനപരിശോധന നടത്തി, വാഹനം ഉപയോഗയോഗ്യമാണെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതോടൊപ്പം ഇന്ധനക്ഷമതാപരിശോധനയും നടത്തേണ്ടതാണ്.

4) വാഹനത്തിന്റെയും അനുബന്ധ സാമഗ്രികളുടെയും റിപ്പയറിലൂടെ ലഭ്യമാവുന്ന പഴയ സാധനങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5) വാഹനങ്ങളുടെ ഹിസ്റ്ററി ബുക്ക് നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

6) വാഹനങ്ങളുടെ റിപ്പയർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

സംസ്ഥാന ധനകാര്യവകുപ്പിന്റെ 02-08-2008 ലെ 41/2008 സർക്കുലർ

1. സർക്കാർ വാഹനങ്ങൾ ഉദ്യോഗസ്ഥന്മാരെ താമസസ്ഥലത്തു നിന്നും ഓഫീസിലെത്തിക്കുന്നതിനോ തിരിച്ച് വീട്ടിലെത്തിക്കുന്നതിനോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. സർക്കാർ വാഹനങ്ങൾ ഓഫീസുകളിൽ നിന്നുള്ള ഔദ്യോഗിക യാത്രകൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

2. സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ല. എന്നാൽ സ്വകാര്യ ആവശ്യങ്ങൾക്കായി തുക ഒടുക്കി വാഹനം ഉപയോഗിക്കുവാൻ അർഹതപ്പെട്ടവർക്ക് ഇത് ബാധകമല്ല.

3. യാത്ര തുടങ്ങുന്നതിന് മുൻപുതന്നെ ലോഗ് ബുക്കിൽ യാത്രയെ സംബന്ധിച്ചുള്ള അവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും യാത്ര അവസാനിച്ചാലുടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

4. വാഹനത്തിന്റെ ലോഗ് ബുക്ക് വാഹനത്തിൽ തന്നെ യാത്രാവേളയിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ നൽകേണ്ടതുമാണ്.

5. ഇന്ധന ക്ഷമതാ ടെസ്റ്റ് കൃത്യ സമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. ഇന്ധനത്തെയും അറ്റകുറ്റപ്പണികളെയും സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്.

6. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതുമാണ്.

7. സർക്കാർ വാഹനങ്ങളിൽ മുന്നിലും പിന്നിലും നിർദ്ദിഷ്ട നിറത്തിലുള്ള ബോർഡ് പതിപ്പിച്ചിരിക്കണം. ഒരു കാരണവശാലും ഇത്തരം ബോർഡ് ഇല്ലാതെയോ മറച്ചു വച്ചോ ഔദ്യോഗിക വാഹനം ഉപയോഗിക്കുവാൻ പാടുള്ളതല്ല.

8. തങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനത്തിന്റെ യഥാവിധിയുള്ള ഉപയോഗം ടി വാഹനത്തിന്റെ നിയന്ത്രണാധികാരമുള്ള ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഉത്തരവാദിത്തമായിരിക്കുന്നതാണ്.

9. ധനകാര്യ പരിശോധനാ വിഭാഗം ആവശ്യപ്പെടുമ്പോൾ വാഹനം പരിശോധനയ്ക്കു വിധേയമാക്കണം. പരിശോധനയ്ക്കു വിധേയമാക്കാതെ വാഹനം

നിർത്താതെ ഓടിച്ച് പോകുന്നത് നിലവിലുള്ള ചട്ടങ്ങളുടെ ലംഘനമാണ്.

10, ഔദ്യോഗിക വാഹനത്തിന്റെ നിയന്ത്രണാധികാരിയല്ലാത്തവർ വാഹനം ഉപയോഗിക്കുമ്പോൾ നിയന്ത്രണാധികാരിയുടെ അനുമതി പത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിരിക്കണം.

വാഹന പരിശോധനയിൽ മേൽപ്പറഞ്ഞ ഏതെങ്കിലും നിർദ്ദേശങ്ങളോ നിലവിലുള്ള മറ്റ് ചട്ടങ്ങളോ പാലിക്കപ്പെടുന്നില്ലെന്ന് ബോധ്യപ്പെട്ടാൽ വാഹനത്തിന്റെ നിയന്ത്രണാധികാരിയിൽ നിന്നും ആ വർഷം ഏറ്റവും കൂടുതൽ ഇന്ധന ഉപഭോഗം നടന്ന മാസത്തിലെ ഇന്ധനത്തിന്റെ വിലയുടെ 50% പിഴയായി ഈടാക്കുന്നതും കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്. പഞ്ചായത്തിന്റെ രണ്ട് വാഹനങ്ങളുടേയും പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 കാലാവധി കഴിഞ്ഞ യാത്രാ ബത്ത അനുവദിച്ച് നൽകി

വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ ജീപ്പ് ഡ്രൈവർ ആയിരുന്ന ശ്രീ. തോമസ് അഗസ്റ്റിക്ക് 11/2019 മുതൽ 01/2021 വരെയുള്ള കാലയളവിലെ ഔദ്യോഗിക യാത്രകളുള്ള യാത്രാബത്ത ബിൽ നം.155/തീയതി 21.03.2022 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I 53(ബി)(6) അനുസരിച്ച്, യാത്ര നടത്തി ഒരു വർഷത്തിനകം യാത്രാ ബത്ത അവകാശപ്പെട്ടിരിക്കേണ്ടതും അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം പിൻവലിക്കേണ്ടതുമാണ്. പ്രസ്തുത കാലയളവിനുള്ളിൽ അവകാശമുന്നയിക്കാത്തതും പിൻവലിക്കാത്തതുമായ യാത്രാബത്ത അപേക്ഷകൾ അനുച്ഛേദം 56 (B)(ii) അനുസരിച്ച് കാലഹരണപ്പെടുന്നതാണ്. അതിനു ശേഷമുള്ള അപേക്ഷകൾ സർക്കാർ അനുമതിയോടു കൂടി മാത്രം തീർപ്പാക്കേണ്ടതാണെന്നിരിക്കെ, 11/2019 മുതൽ 01/2021 വരെയുള്ള കാലയളവിലെ യാത്രാബത്ത 03/2022 - ൽ നഅനുവദിച്ച് നൽകിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/14.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട് കൊവിഡ് 19, പ്രളയം തുടങ്ങിയ കാരണങ്ങളാൽ യഥാകാലം തുക നൽകാൻ കഴിഞ്ഞില്ലായെന്നും പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അനുമതിയോടെയാണ് തുക നൽകിയതെന്നുമാണ് മറുപടിയിൽ വിശദീകരിക്കുന്നത്. പ്രസ്തുത മറുപടിക്ക് നിയമപരമായ പിൻബലമില്ല. ആകയാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹17535/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഭരണസമിതി യോഗ തീരുമാനങ്ങൾ നടപ്പാക്കിയില്ല

1) 23-7-2022 ലെ 12(1) ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തോപ്രാംകുടി മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം (1.6 ഏക്കർ) സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് തഹസിൽദാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.13/തീ.15.11.2023) മറുപടി ലഭ്യമാക്കിയില്ല.

കമ്മറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2) 'ചാണകം ഉണക്കൽ യന്ത്രം' - പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും പമ്പ്സെറ്റ് കാണാതായതിലും യഥാസമയം തുടർനടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ മാതൃകാ പദ്ധതിയായ 'ചാണകം ഉണക്കൽ യന്ത്രം' സജ്ജമാക്കുന്നതിനുവേണ്ടി മുൻപഞ്ചവത്സര പദ്ധതി കാലയളവിൽ 20 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. അതിൽ 15 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ യന്ത്രത്തിന്റെ നടത്തിപ്പ് ഏറ്റെടുത്തിട്ടുള്ള കുടുംബശ്രീ യൂണിറ്റ് വായ്പയും ആയിരുന്നു. നിലവിൽ പദ്ധതി പ്രവർത്തിക്കുന്നില്ലായെന്ന് വിലയിരുത്തിയ ഭരണസമിതി അത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ആരംഭിക്കണമെന്ന് 16-12-2022- ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് (3(1) നമ്പർ തീരുമാനം). എന്നാൽ പ്രസ്തുത തീരുമാനം ഓഡിറ്റ് തീയതി വരെ നടപ്പായിട്ടില്ല. കൂടാതെ യന്ത്രത്തിന്റെ ഭാഗമായ ₹80000/- ലധികം വിലയുള്ളതും സെക്കന്റിൽ 18 ലിറ്റർ വെള്ളം പമ്പ് ചെയ്യാൻ ശേഷിയുള്ളതുമായ പമ്പ് സെറ്റ് നഷ്ടപ്പെട്ടതായും കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പമ്പ് സെറ്റ് കാണാതായത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.13/തീ.15.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതി വീണ്ടും ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 എസ് സി കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ -അപാകതകൾ

(എ) ദർഘാസ് അംഗീകരിച്ച ഭരണസമിതി തീരുമാനം ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതി നം | എസ് 268/2023 |
| പദ്ധതിയുടെ പേര് | എസ്.സി. കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| ഫണ്ട് | ₹289490/-(വികസന ഫണ്ട്-എസ്.സി.പി.) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| ചെലവ് | ₹269530 |
| ബിൽ നം/തീയതി | 221012520135015/28.3.23, ₹269530/- |

എസ്.സി. കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങുന്നിനായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ടെൻഡറിൽ 3 സ്ഥാപനങ്ങളാണ്

പങ്കെടുത്തത്. 18.3.2023 ലെ 1(2) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ടെണ്ടർ നൽകിയ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് സബ്-കമ്മിറ്റിയെ ചുമതലപ്പെടുത്തി. സബ് കമ്മിറ്റി നടത്തിയ പരിശോധനയിൽ കുറഞ്ഞ തുക ക്വോട്ട് ചെയത് സൂര്യാ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾക്ക ഗുണനിലവാരമില്ലായെന്നും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത രണ്ടാമത്തെ സ്ഥാപനത്തിൽ ആവശ്യത്തിന് ഫർണ്ണിച്ചറുകളില്ലായെന്നും കാണകയാൽ ഇലവുങ്കൽ ഫർണ്ണിച്ചർ, തോപ്രാംകുടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. സബ് കമ്മിറ്റി ശുപാർശ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.3/തീ.14-11-23) മറുപടിയിൽ ഭരണസമിതി തീരുമാനം ഉൾപ്പെടുത്തുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഇനം | സ്ഥാപനം | | | | അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള നിരക്ക് | കുറഞ്ഞ ടെണ്ടർ നിരക്ക് | കുറഞ്ഞ നിരക്കിലുള്ള ഇനം വാങ്ങിയിരുന്നെങ്കിൽ ലഭിക്കേണ്ടിയിരുന്ന കുറവ്. |
|---|---|---|---|---|---|---|---|---|
| | | എലവുങ്കൽ ഫർണ്ണിച്ചർ | ഗുഡ് വിൽ മാർക്കറ്റിംഗ് | സൂര്യാ ഫർണ്ണിച്ചർ | ജെയ്സൺ ഇംപെക്സ് | | | |
| 1 | Table Double Side Drawyer With Door (4 Nos) | 30800 | 52800 | 29000 | 30000 | 30800 | 29000 | 1800 |
| 2 | Fiber Chair (234 Nos) | 174330 | 153504 | 162630 | 163332 | 174330 | 162630 | 11700 |
| 3 | Steel Alamara (4 Nos) | 55200 | 56000 | 49600 | 55600 | 55200 | 49600 | 5600 |
| 4 | Office Chair-Revolving (2 Nos) | 9200 | 9900 | 8900 | 9800 | 9200 | 8900 | 300 |
| | Total | 269530 | 272204 | 250130 | 258732 | | | 19400 |

ബി) വിതരണ ഏജൻസിയിൽനിന്ന് റ്റി.ഡി.എസ്. ഈടാക്കിയിട്ടില്ല.

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം ₹2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/തീ.14-11-2023) സമർപ്പിച്ച മറുപടിയിൽ, നികുതി തുക സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിലുള്ള സാധനങ്ങൾ വാങ്ങുന്നത് മൂലമുള്ള നഷ്ടം കരാർ എടുത്ത സ്ഥാപനത്തിൽ നിന്നോ, നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. നികുതി തുക സ്ഥാപനത്തിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ പരാമർശിത അപാകതകൾ നിലനിൽക്കുന്നതിനാൽ ₹250130/-ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുറഞ്ഞ നിരക്കിലുള്ള സാധനങ്ങൾ വാങ്ങാത്തത് മൂലമുള്ള നഷ്ടം കരാർ എടുത്ത സ്ഥാപനത്തിൽ നിന്നോ

1-24-1 എസ് സി കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ - കുറഞ്ഞ നിരക്കിലുള്ള ഇനങ്ങൾ വാങ്ങിയില്ല

| | |
|---|---|
| പദ്ധതി നം | എസ് 267/2023 |
| പദ്ധതിയുടെ പേര് | എസ് സി കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| ഫണ്ട് | ₹150000/-( വികസന ഫണ്ട്-എസ് സി പി ) |
| ചെലവ് | ₹118440 |
| ബിൽ നം/തീയതി | 22101252013501523594/28.3.2023, ₹118440 |

എസ്.സി. കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ആവശ്യമായ മൈക്ക് സെറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. വാങ്ങേണ്ട സാധനങ്ങളുടെ പട്ടിക, എണ്ണം എന്നിവ 9.3.2023-ലെ എസ്.സി2-03/2023 നമ്പർ ദർഘാസ് നോട്ടീസിൽ പരസ്യപ്പെടുത്തിയിരുന്നു. ടെണ്ടർ സമർപ്പിച്ച മൂന്ന് സ്ഥാപനങ്ങളിൽ പ്രൈസ് പ്രിഫറൻസ് (PRICE PREFERENCE) രീതി അവലംബിക്കുന്നതിനു പകരം ആകെ അടങ്കൽ തുകയ്ക്ക് പരിഗണന നൽകി ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്ത ഓൾടെക് ടെക്നോളജീസ്, നെടുങ്കണ്ടം എന്ന സ്ഥാപനത്തെയാണ് വിതരണത്തിനായി തെരഞ്ഞെടുത്തത്. ഹെഡ്സെറ്റ്, സ്പീക്കർ സ്റ്റാന്റ്, മൈക്ക് സ്റ്റാന്റ് എന്നിവയ്ക്ക് കുറഞ്ഞ നിരക്ക്

രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ ആകെ ₹6140/- കുറവ് ലഭിക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സ്ഥാപനം | | | | അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള നിരക്ക് | കുറഞ്ഞ ടെണ്ടർ നിരക്ക് | കുറഞ്ഞ നിരക്കിലുള്ള ഇനം വാങ്ങാതിരുന്നതുമൂലമുള്ള നഷ്ടം |
|---|---|---|---|---|---|---|---|---|
| | | പി.ജെ. ഡിജിറ്റൽ സിസ്റ്റം | മെട്രിക്സ് ഇലക്ട്രോണിക്സ് | ഓൾടെക് ടെക്നോളജീസ് | മൈക്രോ മീഡിയ | | | |
| 1 | Amplifire | 39800 | 47000 | 37000 | 129800 | 37000 | 37000 | 0 |
| 2 | Speaker Box | 35600 | 29200 | 25400 | | 25400 | 25400 | 0 |
| 3 | Cordless Mic & Handheld Mic | 19800 | 11600 | 10700 | | 10700 | 10700 | 0 |
| 4 | Wired Microphone | 3800 | 6000 | 3600 | | 3600 | 3600 | 0 |
| 5 | Mic Stand | 3600 | 3200 | 3740 | | 3740 | 3200 | 540 |
| 6 | Podium Mic & Base | 17800 | 11400 | 11000 | | 11000 | 11000 | 0 |
| 7 | Speaker Cable | 4990 | 7000 | 2200 | | 2200 | 2200 | 0 |
| 8 | Extention Box | - | 5000 | 1600 | | 1600 | 1600 | 0 |
| 9 | Speaker Stand | 11600 | 9200 | 13000 | | 13000 | 9200 | 3800 |
| 10 | Headset | 7400 | 10000 | 9200 | | 9200 | 7400 | 1800 |
| | Total | 144390 | 139600 | 118440 | | | | 6140 |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/തീ.14-11-2023) സമർപ്പിച്ച മറുപടിയിൽ എല്ലാ ഇനങ്ങൾക്കും കൂടി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയെന്നാണ് അറിയിച്ചിരിക്കുന്നത്. ആകെ അടങ്കലിലെ കുറവ് മാത്രം പരിഗണിക്കാതെ ദർഘാസിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ കുറഞ്ഞ നിരക്കു വാഗ്ദാനം ചെയ്യുന്ന ഇനങ്ങൾ ഗുണമേന്മ വിലയിരുത്തി വാങ്ങുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, പ്രോക്യുവർമെന്റ് കമ്മിറ്റി എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-24-2 എസ് സി വനിതകൾക്ക് പി.വി.സി ടാങ്ക് വിതരണം - ദർഘാസ് അംഗീകരിച്ച രേഖകളില്ല

| | |
|---|---|
| നിർവഹണം | അസി. സെക്രട്ടറി |
| പദ്ധതി നം | 117/2023 |
| പദ്ധതിയുടെ പേര് | എസ് സി വനിതകൾക്ക് പി.വി.സി ടാങ്ക് വിതരണം |
| ഫണ്ട് | ₹232750/-(വികസന ഫണ്ട് -എസ് സി പി) |
| ചെലവ് | ₹232750 |
| ബിൽ നം/തീയതി | 22101252013501319525/9.3.2023, ₹174510/-<br>ഗുണഭോക്തൃ വിഹിതം ₹58240/- |

എസ്.സി. വനിതകൾക്ക് 500ലിറ്ററിന്റെ 70 പി.വി.സി. ടാങ്കുകൾ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇതിനായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു.

1. ഹെലിക്സ് ഏജൻസീസ്, കൊറ്റംകുളങ്ങര - ₹3228/-
2. പ്രോക്സിമ ട്രേഡ് ലിങ്ക്, അവലൂക്കുന്ന് -₹3400/-
3. പ്രീമിയർ പോളിമേഴ്സ് & പൈപ്പ് പ്രൈവറ്റ് ലിമിറ്റഡ് - ₹3325/-

പ്രീമിയർ പോളിമേഴ്സ് & പൈപ്പ് പ്രൈവറ്റ് ലിമിറ്റഡ് (₹3325/-) എന്ന സ്ഥാപനത്തിൽ നിന്നുമാണ് ടാങ്കുകൾ വാങ്ങിയത്. കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത സ്ഥാപനത്തിൽ നിന്നും ടാങ്കുകൾ വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/തീ.14-11-2023) സമർപ്പിച്ച മറുപടിയിൽ, പ്രീമിയർ പോളിമേഴ്സ് & പൈപ്പ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഒഴികെ ആരും സാമ്പിൾ പരിശോധനയ്ക്ക് ഹാജരാക്കാത്തിതിനാലാണ് ടി സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടെൻഡർ അംഗീകാരം സംബന്ധിച്ച് ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. സാമ്പിൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെയും അത് ഭരണസമിതി അംഗീകരിച്ചതിന്റെയും രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹232750/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-25 പട്ടിക ജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ-ടി.ഡി.എസ്. നടത്തിയില്ല

| | |
|---|---|
| പദ്ധതി നം | S112/2023 |

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| അടങ്കൽ, ഫണ്ട് | ₹546000/- (വികസന ഫണ്ട്-എസ് സി പി) |
| ചെലവ് | ₹539379/- |
| ബിൽ നം/തീയതി | 22101252013501212775/20.2.23, ₹414885/-<br>22101252013501392681/17.3.23, ₹124494/- |

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ ലാപ്ടോപ്പ് വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/തീ.14-11-2023) സമർപ്പിച്ച മറുപടിയിൽ, നികുതി സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. റ്റി.ഡി.എസ്. ഈടാക്കാത്തതിനാൽ ചെലവ് തുക ₹539379/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-26 ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് കുടിവെള്ളപദ്ധതിക്ക് കുളം നിർമിച്ചു

പൊതു ആവശ്യങ്ങൾ മുൻനിർത്തി വസ്തു ഉഭയസമ്മത പ്രകാരം ആർജിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ 2005 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം (5) – ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇതനുസരിച്ച് ചട്ടങ്ങളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ ആധാരം ചമച്ച് നിയമാനുസൃതം വസ്തു കൈവശമാക്കുന്നതിനുള്ള തുടർന്നടപടികൾ സ്വീകരിച്ചശേഷമാണ് നിർമാണപ്രക്രിയകളിലേക്ക് കടക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം സ്പിൽ ഓവറായി ഏറ്റെടുത്ത ഒരു കുടിവെള്ള പദ്ധതിയുടെ നിർവഹണത്തിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്ട് നം., പേര് | എസ് 186/22, എസ് 009/23 ചെമ്പകപ്പാറ കുടിവെള്ള പദ്ധതി |
| അടങ്കൽ തുക, ഫണ്ട് | ₹300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| കരാറുകാരൻ | ശ്രീ. ജോർജ് തോമസ് |
| കരാർ നം.തീയതി | 09/AE/LSGD/VTY/22-23 DT.06.05.2022 |
| അളവു പുസ്തകം | 13/22-23 |
| ആകെ ചെലവഴിച്ച തുക | ₹262287/- |
| വൗച്ചർ നം. തീയതി | XFC/22-23/P/6.08.2022 |

ഗ്രാമപഞ്ചായത്തിലെ ചെമ്പകപ്പാറ എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്ത് റോഡിൽനിന്ന് ഏകദേശം 25 മീറ്റർ ഉള്ളിലായി 6.15M നീളം X 5.4M വീതി X 2.5M ആഴം എന്നീ അളവുകളുള്ള ഒരു കുളം നിർമിച്ചിട്ടുണ്ട്. എന്നാൽ കുളം നിർമിക്കപ്പെട്ട സ്ഥലം പൊതു ആവശ്യത്തിന് വിട്ടുകിട്ടിയതായോ അത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതായോ ഉള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. കുളത്തിൽ ജലലഭ്യതയുണ്ട്. കുളത്തിന്റെ നിർമാണം 26.07.2022-ൽ പൂർത്തീകരിച്ചതാണ്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ പമ്പ് ഹൗസ്, പൈപ്പ് ലൈൻ, ടാങ്ക്, വൈദ്യുതി കണക്ഷൻ, മോട്ടോർ വാങ്ങൽ തുടങ്ങിയ ഘട്ടങ്ങൾക്കുള്ള തുക വകയിരുത്തി നടപ്പ് സാമ്പത്തിക വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ഉടമസ്ഥാവകാശം സ്ഥിരീകരിക്കാതെ പ്രോജക്ട് ഏറ്റെടുക്കുകയും അത് പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത നടപടി അംഗീകരിക്കുന്നില്ല. ആകയാൽ ചെലവഴിച്ച തുക ₹(262287/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-27 കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ-പഴയ മോട്ടോർ ലേലം ചെയ്തില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത രണ്ടു കുടിവെള്ള നവീകരണ-വിപുലീകരണ പ്രോജക്ടുകൾ പ്രകാരം ശേഷി കുറഞ്ഞ പഴയ മോട്ടോർ മാറ്റി പുതിയവ സ്ഥാപിക്കുകയുണ്ടായി. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. പേര് | വാങ്ങി സ്ഥാപിച്ച മോട്ടോറിന്റെ ശേഷി |
|---|---|---|
| 1 | S192/22, S015/23 ജീവധാര കുടിവെള്ള പദ്ധതി | 5 HP SUBMERSIBLE MOTOR |
| 2 | S007/23 ചോതിപ്പടി കുടിവെള്ള പദ്ധതി | 7.5 HP MOTOR |

എന്നാൽ പഴയ മോട്ടോറിന്റെ വില നിശ്ചയിച്ച് ലേലം ചെയ്യുകയോ സമാന പ്രോജക്ടുകൾക്ക് വിനിയോഗിക്കാനുള്ള സാധ്യത വിലയിരുത്തുകയോ ചെയ്തിട്ടില്ല. നിലവിൽ അവ പദ്ധതികളുടെ പമ്പ് ഹൗസുകളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന് ഉടമസ്ഥാവകാശമുള്ളതും പ്രവർത്തന ക്ഷമവും ഗണ്യമായ തുക മൂല്യമുള്ളതുമായ മോട്ടോറുകൾ പുനരുപയോഗ സാധ്യത വിലയിരുത്താതെ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവ സമാന പ്രോജക്ടുകൾക്ക് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം മൂല്യനിർണയം നടത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1- 28 കായിക ഉപകരണങ്ങളുടേയും ലൈബ്രറി പുസ്തകങ്ങളുടേയും വിതരണത്തിൽ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ :-സെക്രട്ടറി

അംഗീകൃത സ്പോർട്സ് ക്ലബുകൾക്ക് കായിക ഉപകരണങ്ങൾ നൽകൽ, പഞ്ചായത്ത് പരിധിയിലെ അർഹതപ്പെട്ട ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകൽ എന്നീ പദ്ധതികൾ പ്രകാരം വാങ്ങി നൽകിയ സാധനങ്ങളും പുസ്തകങ്ങളും കൈപ്പറ്റിയ സ്ഥാപനങ്ങളുടെ രസീതുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം 82/2023- അംഗീകൃത സ്പോർട്സ് ക്ലബുകൾക്ക് കായിക ഉപകരണങ്ങൾ നൽകൽ പദ്ധതിയിൽ പ്രോക്സിമ ട്രേഡ് ലിങ്ക്സ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ₹50000/- ചെലവഴിച്ച് ചുവടെ ചേർക്കുന്ന കായിക സാധന സാമഗ്രികൾ വാങ്ങുകയുണ്ടായി .

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | കാരം ബോർഡ് | 2250 | 9 | 20250 |
| 2 | ചെസ്സ് ബോർഡ് | 225 | 15 | 3375 |
| 3 | വോളിബോൾ | 629 | 18 | 11322 |
| 4 | ഫുട്ബോൾ | 1185 | 9 | 10665 |
| 5 | എയർ പമ്പ് | 490 | 9 | 4410 |
| ആകെ | | | | 50022 |

എട്ട് ക്ലബുകളെ തെരഞ്ഞെടുത്ത് ഇവ വിതരണം ചെയ്തിരുന്നെങ്കിലും എതെല്ലാം ഇനങ്ങൾ എത്ര എണ്ണം വീതം കൈപ്പറ്റി എന്ന് ഒരു ക്ലബിന്റെയും കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രണ്ട് ക്ലബുകളുടെ കൈപ്പറ്റ് രസീതിൽ ഏതെല്ലാം കായിക ഉപകരണങ്ങളാണെന്നതും രേഖപ്പെടുത്തിയിട്ടില്ല.

2. പ്രോജക്ട് നം എസ് 90/2023- പഞ്ചായത്ത് പരിധിയിലെ അർഹതപ്പെട്ട ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകൽ പദ്ധതിയിൽ കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ₹50000/- ചെലവഴിച്ച് 233 പുസ്തകങ്ങൾ വാങ്ങി എട്ട് ലൈബ്രറികളെ തെരഞ്ഞെടുത്ത് വിതരണം ചെയ്തിരുന്നെങ്കിലും എതെല്ലാം ബുക്കുകളാണ് ലൈബ്രറികൾ കൈപ്പറ്റിയതെന്ന് കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിട്ടില്ല.

വിതരണം ചെയ്ത കായികോപകരണങ്ങളും പുസ്തകങ്ങളും കൈപ്പറ്റി യഥാവിധി സ്റ്റോക്കിലെടുത്ത് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-29 ബയോ കംപോസ്റ്റർ ബിൻ വിതരണം - അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണം | | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം | | 67/2023 |
| പദ്ധതിയുടെ പേര് | | ബയോ കംപോസ്റ്റർ ബിൻ വിതരണം |
| അടങ്കൽ/ചെലവ് | ധനകാര്യ കമ്മീഷൻ അവാർഡ് | 2080200/1934100 |
| | തനത് ഫണ്ട് | 1380/0 |
| | ഗുണഭോക്തൃ വിഹിതം | 207900/207900 |

1) പദ്ധതി നടത്തിപ്പിനായി 12-12-2022-ലെ SC1-222/22 നമ്പർ നോട്ടീസ് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇ-ടെണ്ടർ ക്ഷണിച്ചെങ്കിലും ഇടുക്കി ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ സാങ്കേതികാനുമതി ലഭിച്ചത് 20-12-2022-ൽ മാത്രമാണ് (ഉത്തരവ് നം,11/SBM-TS/2022-23). സാങ്കേതികാനുമതി ലഭ്യമാവുന്നതിന് മുമ്പ് തന്നെ ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2) മേൽ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ സമർപ്പിച്ച സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന നാല് സ്ഥാപനങ്ങൾ സാമ്പിളുകൾ ഹാജരാക്കിയിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | ക്വോട്ട് ചെയ്ത തുക (GST ഉൾപ്പെടെ) |
|---|---|---|
| 1 | Ollos Biotech Pvt LTD | 1540 |
| 2 | Raidco Kerala LTD | 1800 |
| 3 | Socio Economic Unit Foundation LTD | 1985 |
| 4 | Sahrudaya Tech | 2150 |

ലഭ്യമാക്കിയ സാമ്പിളുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോ കെമിക്കൽസ് എഞ്ചിനിയറിംഗ് & ടെക്നോളജി (CIPET) എന്ന സ്ഥാപനത്തിന് ഗുണമേൻമ പരിശോധനയ്ക്ക് അയച്ചിരുന്നു (30-1-2023-ലെ എസ്.സി.3-1116/2023 നമ്പർ കത്ത്). സാമ്പിൾ കോഡുകൾക്ക് പകരം സ്ഥാപനങ്ങളുടെ പേരുകൾ ഉൾപ്പെടുത്തി ബിന്നുകൾ അയച്ചതിനാൽ ഗുണമേൻമ പരിശോധനയിൽ സുതാര്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

4) ഗ്രാമപഞ്ചായത്ത് സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ച് നൽകിയിരിക്കുന്നത് 30-1-2023-ലാണ്. CIPET 9-2-2023-ലാണ് സാമ്പിളുകളുടെ പരിശോധനാ ഫലം തയ്യാറാക്കിയത് (ടെസ്റ്റ് റിപ്പോർട്ട് നം.22863) . എന്നാൽ സാമ്പിളുകൾ അയക്കുന്നതിനും CIPET-ടെ പരിശോധനാ ഫലം ലഭ്യമാവുന്നതിനും മുമ്പ് തന്നെ ഗ്രാമപഞ്ചായത്ത് 11-1-2023-ലെ കമ്മറ്റി 2(2) നമ്പർ തീരുമാന പ്രകാരം സഹ്യദയാ ടെക്നോളജീസിന്റെ ടെണ്ടർ അംഗീകരിച്ചു. ഗുണനിലവാര പരിശോധനയ്ക്ക് ബിന്നുകൾ അയക്കും മുമ്പ് തന്നെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ടെണ്ടർ അംഗീകരിക്കുകയും, കമ്മിറ്റി അംഗീകരിച്ച സ്ഥാപനത്തിന്റെ ബിൻ മാത്രം Drop Impact Strength, Height 0.5 Mtr ടെസ്റ്റിൽ ഗുണനിലവാരം പാലിക്കുകയും ചെയ്യുന്നത് കേവലം യാദൃച്ഛികമെന്ന് കരുതാനാകില്ല. ഗുണനിലവാര പരിശോധനയ്ക്ക് സാമ്പിളുകൾ അയക്കും മുമ്പ് തന്നെ ടെണ്ടർ അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ആകെ 1020 കംപോസ്റ്റർ ബിന്നുകളാണ് വാങ്ങിയത്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത Ollos Biotech Pvt LTD എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നുവെങ്കിൽ ₹571200/-ടെ കുറവ് ലഭിക്കേണ്ടതാണ്. (2100-1540 = 560x1020)

5) 2017-ലെ കേന്ദ്ര – സംസ്ഥാന ജി.എസ്.ടി നിയമങ്ങളുടെ സെക്ഷൻ 51 പ്രകാരം 2.5 ലക്ഷത്തിന് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും 2% റ്റി.ഡി.എസ്. ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (GST Rate 12%)

| ക്രമ നം | ഇൻവോയിസ് നം/തീയതി | തുക (Including GST @ 12%) | ഈടാക്കേണ്ടിയിരുന്ന TDS |
|---|---|---|---|
| 1 | A-116/16-03-23 | 630000 | 37699.20 |
| 2 | A-117/17-03-23 | 644700 | |
| 3 | A-130/27-03-23 | 804300 | |
| 4 | A-138/28-3-23 | 63000 | |
| | ആകെ | 2142000 | |

എന്നാൽ പ്രസ്തുത വാങ്ങലിന്റെ ഇൻവോയ്സിൽ നിന്ന് റ്റി.ഡി.എസ്. ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിനെത്തുടർന്ന് ₹37700/- 23.11.203 – ലെ 1230102204 നമ്പർ രസീത് പ്രകാരം വിതരണ ഏജൻസി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ടി തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ വ്യക്തമാക്കിയിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തിട്ടുള്ള ബിന്നുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (1/13-11-2023) 15-11-2023-ലെ മറുപടിയിൽ സാങ്കേതിക അനുമതി ലഭിച്ച എന്ന് ഫോണിലൂടെ അറിയിച്ചതിനാലാണ് അനുമതി ലഭ്യമാവും മമ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കി. സാമ്പിളുകൾ ഹാജരാക്കിയ നാല് സ്ഥാപനങ്ങളിൽ ഗുണനിലവാരമുണ്ടെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ട സഹൃദയ ടെക് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന് ശേഷം മറ്റ് മൂന്ന് സ്ഥാപനങ്ങളും തങ്ങളുടെ ടെണ്ടർ അംഗീകരിച്ച് നൽകുന്നതിനായി നിരന്തരമായി ഇടപെടലുകൾ നടത്തിയതിനെ തുടർന്ന് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനായിട്ടാണ് ബിന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് അയച്ചതെന്നും മറുപടിയിൽ വിശദീകരിക്കുന്നു. കമ്മറ്റിയുടെ തീരുമാനത്തെ സാധൂകരിക്കുന്നതിനായിട്ടാണ് ഗുണനിലവാര പരിശോധനയ്ക്ക് ബിന്നുകൾ അയച്ചതെന്ന് മറുപടിയിൽ നിന്നും വ്യക്തമാണ്. ആയതിനാൽ തന്നെ ഗുണനിലവാര പരിശോധന പ്രക്രിയ സുതാര്യമല്ല എന്ന് വിലയിരുത്തുന്നു.

കൂടാതെ ഗുണനിലവാര പരിശോധനയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഏതെങ്കിലും ഫീസുകൾ ഒടുക്കിയിട്ടില്ലാത്തതും ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ പേരുകൾ തന്നെ ബിന്നുകളുടെ കോഡ് ആയി രേഖപ്പെടുത്തി പരിശോധനയ്ക്ക് അയച്ചതും ക്രമപ്രകാരമുള്ള നടപടിയല്ല. മേൽ ആപാകതകളുള്ളതിനാൽ പദ്ധതിക്കായി ഓഡിറ്റ് വർഷത്തിൽ നൽകിയ ₹ 2142000/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 കന്നുകുട്ടി പരിപാലനം-കാലിത്തീറ്റ വാങ്ങുന്നതിൽ മുടക്കം വരുത്തിയ ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക തിരികെ ഈടാക്കിയില്ല

തൻവർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം 115 ഗുണഭോക്താക്കൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ₹12500/- നിരക്കിൽ ₹1437500/- ICDP കട്ടപ്പന പ്രോജക്റ്റ് ഓഫീസർക്ക് കൈമാറിയിരുന്നു. ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള ചുമതല മുരിക്കാശ്ശേരി, തോപ്രാംകുടി എന്നീ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലാണ് നിക്ഷിപ്തമായിരുന്നത്. പ്രസ്തുത

സ്ഥാപനങ്ങളുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രോജക്ട് പൂർത്തീകരണ കാലാവധിക്ക് മുൻപ് സബ്സിഡി ആനുകൂല്യം കൈപ്പറ്റുന്നത് അവസാനിപ്പിച്ചതായി കണ്ടു. മുടക്കം വരുത്തിയ ഗുണഭോക്താക്കളുടെ ശേഷിക്കുന്ന സബ്സിഡി തുക തിരികെ ഈടാക്കിയിട്ടുള്ള പക്ഷം വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.2/14-11-2023) സമർപ്പിച്ച മറുപടിയിൽ, മേൽ ഗുണഭോക്താക്കളുടെ കന്നുകുട്ടി ചത്തു പോയതിനാൽ ഈ പദ്ധതിയിൽ നിന്നും അവരെ ഒഴിവാക്കിയതായും മേൽവിവരം പ്രോജക്ട് ഓഫീസറെ അറിയിക്കുകയും പദ്ധതി തീരുന്ന മുറയ്ക്ക് അവർക്കുവേണ്ടി ഒടുക്കിയതിൽ ശേഷിക്കുന്ന തുക പഞ്ചായത്തിൽ തിരികെ ഒടുക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി, നമ്പർ | കന്നുകുട്ടി പരിപാലന പദ്ധതി, 84/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ്, ഫണ്ടിനം | 14,37,500( വികസനഫണ്ട്) |
| ബിൽ നമ്പർ, തീയതി | 22101252010301155238, 07/02/2023 |

| ക്രമനം | ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ സബ്സിഡി തുക, ₹ | അവസാനം കൈപ്പറ്റിയ തീയതി | പ്രോജക്ട് ഓഫീസറുടെ പക്കൽ ശേഷിക്കുന്ന തുക, ₹ |
|---|---|---|---|---|
| 1 | മോളി ചെറിയാൻ, തൊട്ടിയിൽ പെരുംതോട്ട് | 4590 | 23/08/2023 | 7910 |
| 2 | ബിന്ദു സെബാസ്റ്റ്യൻ, ചെമ്പനാനിക്കൽ | 2784 | 27/06/2023 | 9716 |
| | | 7374 | | 17626 |

₹ 17626/- പഞ്ചായത്തിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-31 ആധുനീക അറവുശാല നിർമാണത്തിന് സ്ഥലം വാങ്ങിയെങ്കിലും തുടർനടപടികൾ സ്വീകിരിച്ചില്ല

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം 220/23 ആയി സെക്രട്ടറി നടപ്പാക്കിയ ആധുനീക അറവുശാലയ്ക്ക് സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം ശ്രീ. ജോസ് മാത്യു, കുന്നുംതൊഴുത്തിൽ, കൊന്നയ്ക്കാമാലി, എന്ന വ്യക്തിയുടെ പക്കൽ നിന്നും നടപടിക്രമങ്ങൾ പാലിച്ച് സെന്റിന് ₹23,000/- നിരക്കിൽ 71 ആർ ഭൂമി 40 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങുകയുണ്ടായി. ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 22101252012901574287/31.03.2023 | : | ₹407711 (വികസനഫണ്ട്) |
| 22101252012901544040/28.03.2023 | : | ₹1599775 (തനത് ഫണ്ട്) |
| 28.03.23 ൽ ഫെഡറൽ ബാങ്കിലെ 13330100111849 നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക | : | ₹1992514 |
| ആകെ | : | 40,00,000 |

പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യം കണക്കാക്കി 40 ആർ ഭൂമിക്കായാണ് പരസ്യം ചെയ്ത് നടപടിക്രമങ്ങൾ ആരംഭിച്ചതെങ്കിലും 71 ആർ ഭൂമിയാണ് വാങ്ങിയത്.

2. സ്ഥലം വാങ്ങുന്നതിനുള്ള മുന്നുപാധിയാണ് ക്ഷമതയുള്ള കേന്ദ്രത്തിൽ നിന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം. എന്നാൽ സ്ഥലം വാങ്ങിയ ശേഷം അതിനായി അപേക്ഷ സമർപ്പിച്ചതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറിൽ നിന്ന് അത് ലഭിച്ചിട്ടില്ല.

3. അറവുമാടുകളെ എത്തിക്കുന്നതിനും, മാംസം തിരികെ കൊണ്ടുപോകുന്നതിനും സുഗമമായ യാത്രാമാർഗം അനിവാര്യമാണ്. എന്നാൽ വാങ്ങിയ സ്ഥലത്തേക്ക് എത്തുന്നതിന് ജീപ്പ്/പിക്ക് അപ്പ് വാഹനത്തിന് ഒരേ ദിശയിൽ സഞ്ചരിക്കുന്നതിനു മാത്രം വീതിയുള്ള റോഡ് സൗകര്യം മാത്രമാണുള്ളത്.

4. സ്ഥലം വാങ്ങൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്ന ഘട്ടത്തിൽ തന്നെ പ്രദേശ വാസികളുടെ എതിർപ്പ് ഉണ്ടായിരുന്നിട്ടും പഞ്ചായത്തിന്റെ താല്പര്യത്തിനനുസൃതമായ തീരുമാനമെടുത്ത് മുന്നോട്ടുപോകുന്നതിന് സാധിച്ചില്ല. പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ളതും പ്രധാന വരുമാന മാർഗ്ഗവുമായ മീറ്റ് സ്റ്റാളുകളുടെ നിയമപരമായ പ്രവർത്തനത്തിന് അറവ് ശാല അത്യന്താപേക്ഷിതമായിരിക്കേ നാളിതുവരെയും അറവുശാല നിർമ്മിക്കുന്നതിനായി യാതൊരു തുടർനടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

5. സ്ഥലം അറവുശാല നിർമിക്കുന്നതിന് സാധ്യമാകാത്ത പക്ഷം ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി വിനോദസഞ്ചാരത്തിന് പ്രയോജനപ്പെടുത്താമെന്നാണ് ഇക്കാലയളവിലെ സെക്രട്ടറി വിശദീകരിച്ചത്. കല്ലറ മാതൃകയിലുള്ള ഏതാനും മുനിയറകളുടെ സാന്നിദ്ധ്യമാണ് അദ്ദേഹം

ഇതിനായി ചൂണ്ടിക്കാട്ടിയത്. മറയൂർ മേഖലയിലേതുമായി സാമ്യമില്ലാത്തതും കേവലം തറ നിരപ്പിലെ ചെറു കുഴികളുടെ രൂപത്തിലുള്ളതുമായ ഇവ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമാകുമെന്ന് കരുതുക വയ്യ. റോഡ് ഗതാഗതത്തിലെ പരിമിതിയും പ്രസ്തുത സാധ്യതയ്ക്ക് മറ്റൊരു തടസ്സമാണ്. ലക്ഷ്യമിട്ട പദ്ധതികളൊന്നും സ്ഥലം വാങ്ങിയതിലൂടെ സാക്ഷാത്കരിക്കാൻ കഴിയുമെന്ന് നിലവിലെ സാഹചര്യത്തിൽ അനുമാനിക്കാൻ കഴിയില്ല. വൻതുക മുതൽ മുടക്കി സൃഷ്ടിച്ച ആസ്തി നിഷ്ക്രിയമായി ശേഷിക്കാനാണ് സാധ്യത. വസ്തു വാങ്ങലുമായി ബന്ധപ്പെട്ട അപാകതകളിൽ വകുപ്പുതല അന്വേഷണം പുരോഗമിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ തീർപ്പ് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ നിരീക്ഷണങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 18/16.11.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാല്പര്യങ്ങൾ മുൻനിർത്തി പ്രാദേശികമായ എതിർപ്പുകൾ രമ്യമായി പരിഹരിച്ച് അറവുശാല നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-32 എൽ. ഇ.ഡി - ലൈറ്റ് സ്ഥാപിക്കൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലേക്കും ഡേ & നൈറ്റ് സെൻസറുകളോട് കൂടിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ₹21,40,000/- അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയതാണ് പ്രസ്തുത പ്രോജക്ട് (നം. 73/23). പ്രോജക്ട് നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഹെക്സോൺ ടെക്നോളജീസ്, വെള്ളനാട്, തിരുവനന്തപുരം എന്ന കമ്പനിക്ക് പതിനെട്ട് വാർഡുകളിൽ ₹1190/- നിരക്കിൽ 1690 എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കരാർ നൽകുകയും 20.02.2023-നു മുമ്പായി ലൈറ്റുകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നെങ്കിലും (സെക്രട്ടറിയുടെ 13.01.2023- ലെ കത്ത്) നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

2. ഇതുവരെ ഒരു വാർഡിലേയും ലൈറ്റ് സ്ഥാപിക്കൽ പൂർത്തിയാക്കിയതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുകൾ കമ്പനി സമർപ്പിച്ചിട്ടില്ല.

3. പദ്ധതി നടത്തിപ്പിലെ പുരോഗതി പരിഗണിക്കാതെ തൻവർഷ പ്രോജക്ടിൽ നിന്നും 31.03.2023- ൽ നൽകിയ ₹9,08,613/- കൂടാതെ 2023-24 -വർഷ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം. 100/24) 30.04.2023- ൽ ₹7,50,244/- യും (ആകെ ₹1658857/-) അനുവദിച്ചു.

പ്രവൃത്തി യഥാവിധി പൂർത്തീകരിച്ച് സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് അവയുടെ പ്രവർത്തനക്ഷമത ഫീൽഡ് പരിശോധനയിലൂടെ വിലയിരുത്തി മാത്രം പ്രതിഫലം അനുവദിക്കേണ്ടതിനു പകരം പ്രോജക്ട് തുകയുടെ സിംഹഭാഗവും പിൻവലിച്ചു നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. സ്ഥാപിക്കാനുള്ള വിളക്കുകൾ കരാർ സ്ഥാപനം ലഭ്യമാക്കി കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല. മേൽപരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/16.11.2023) മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ട് ഇനിയും പൂർത്തീകരിക്കാത്തതിനാൽ തൻവർഷ ചെലവു തുക ₹9,08,613/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടങ്കൽതുകയുടെ 77% തുകയും കൈമാറിയിട്ടും പദ്ധതി നടപ്പിലാക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-33 ഹരിത കർമ്മ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ -ടിഡിഎസ് ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | ഹരിത കർമ്മ സേനയ്ക്ക് വിജിഎഫ് സുരക്ഷാ സഹായ ഉപകരണങ്ങൾ നൽകൽ (216/23) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ചെലവ്, ഫണ്ടിനം | 466320, ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ/തീയതി | 22101252009701527188/28-03-2023 |

പ്രസ്തുത പ്രോജക്ട് പ്രകാരം വിവിധ ഉപകരണങ്ങൾ ജിംകോ എക്സിം & ട്രേഡ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തില്ല. ഇൻവോയിസ് തുകയായ 435986/-യുടെ (ജി.എസ്.ടി. ഇല്ലാതെ) 2% തുകയായി ₹8720/- ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീ.15.11.23) സമർപ്പിച്ച മറുപടിയിൽ സ്ഥാപനം ജി.എസ്.ടി.

ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ജി.എസ്.ടി. റിട്ടേൺ രേഖകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം സ്ഥാപനത്തിൽ നിന്നും തുക ഈടാക്കിയോ വിവരമറിയിക്കേണ്ടതാണ്.

1-34 ഹരിത കർമ്മസേന – പ്രവർത്തനാവലോകനം

I.ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ .

22.10.2018 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 18 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ നിലവിൽ 32 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്.

- വീട് ഒന്നിന് ₹50/- യും, കടകൾക്ക് ₹100/- യുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 6963 വീടുകൾ, 806 മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് ഹരിത കർമ്മസേന ക്യൂആർ കോഡ് പതിപ്പിച്ചിട്ടുള്ളത്.
- ഹരിത കർമ്മസേന അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത്. ഫെഡറൽ ബാങ്ക് തോപ്രാംകുടിയിലെ 1330100165253 ബാങ്ക് അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്.
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ, സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.

II. അടിസ്ഥാന സൗകര്യങ്ങൾ .

ഹരിത കർമ്മസേന പ്രവർത്തനം സംന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ, 150 സ്ക്വയർ ഫീറ്റിൽ കുറയാതെ ഒരു വാർഡിന് ഒരെണ്ണം എന്ന രീതിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ സിഡിഎസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഓരോ ഹരിതകർമസേനാ സംരംഭത്തിനും ഒന്നു വീതം എന്ന രീതിയിലോ ഉണ്ടായിരിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഓരോ 25000 ജനസംഖ്യയ്ക്കും 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള മെഗാ എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. (12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ ത.സ്വ.ഭ.വ). നിലവിൽ തോപ്രാംകുടി, മുരിക്കാശ്ശേരി എന്നിവിടങ്ങളിലെ കെട്ടിടത്തിലാണ് എം.സി.എഫ്. പ്രവർത്തിക്കുന്നത്. എന്നാൽ വാർഡ് തലത്തിൽ മിനി എംസിഎഫുകളൊന്നും നിലവിലില്ല. ആയതിനാൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിന് മാർഗങ്ങളില്ല. ക്ലീൻ കേരള കമ്പനി കൃത്യമായി മാലിന്യനീക്കം നിർവഹിക്കാത്തതിനാൽ നിലവിൽ എംസിഎഫ് നിറഞ്ഞിരിക്കുന്ന നിലയിലാണ്. മാലിന്യ നീക്കത്തിന് ഹരിത കർമസേനയ്ക്ക് സ്വന്തമായി വാഹനവും വനിതാ ഡ്രൈവറും നിലവിലുണ്ട്.

III.പ്രവർത്തനങ്ങൾ

1) മാലിന്യ ശേഖരണം / കയ്യൊഴിക്കൽ

ഹരിത കർമ്മസേനയിലെ രണ്ട് അംഗങ്ങൾ വീതമുള്ള ബാച്ചാണ് ഓരോ വാർഡിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാഹനത്തിൽ MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്ടഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ ക്ലീൻ കേരള കമ്പനിക്കാണ് റിജക്ടഡ് വേസ്റ്റ് കൈമാറുന്നത്.

2) യൂസർ ഫീ കളക്ഷൻ

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഉണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്ട് ചെയ്യുന്നതിന് രസീത് നൽകുന്നുണ്ട്. കൃത്യമായ കാഷ് ബുക്കിന്റെ അഭാവത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആകെ കളക്ഷൻ, സ്ക്രാപ്പ് വിൽപ്പനയിലൂടെ ലഭിച്ച തുക എന്നിവ സംബന്ധിച്ച വിവരം പരിശോധിക്കാനായില്ല. കൃത്യമായ വരവ് ചെലവു കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

മാലിന്യ ശേഖരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് കൺസോർഷ്യം പ്രതീക്ഷ എന്ന പേരിൽ സ്വന്തമായി സംരംഭക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൺസോർഷ്യം ഫണ്ടിൽ നിന്നും 185000 രൂപ സംരംഭത്തിനായി വായ്പ നൽകിയിട്ടുണ്ട്.

IV) പ്രവർത്തന ചെലവുകൾ

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് ₹ |
|---|---|
| 216/23, ഹരിതകർമ സേനയ്ക്ക് സുരക്ഷാ സഹായ ഉപകരണങ്ങൾ നൽകൽ | 466320 |

| | |
|---|---|
| 49/23, ഹരിത കർമ്മസേന പ്രവർത്തനങ്ങൾ | 48600 |

V) ശുപാർശകൾ.

- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കൃത്യമായ വരവ് ചെലവ് രേഖപ്പെടുത്തലുകൾ നടത്തുകയും മേൽ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

.മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

.വാർഡുകളിൽ ആവശ്യമായ മിനി എംസിഎഫുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

- വാർഡ്തലത്തിൽ പിരിച്ചെടുക്കുന്ന യൂസർ ഫീ, വിൽപ്പന നടത്തുന്ന സ്ക്രാപ്പ്, മെയിൻ എം.സി.എഫ്-ൽ നിന്നും വിൽക്കുന്ന അജൈവ മാലിന്യങ്ങൾ എന്നിവയുടെ കണക്കുകൾ കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ക്യൂ.ആർ കോഡ് പതിപ്പിക്കാത്ത വീടുകളിലും സ്ഥാപനങ്ങളിലും അവ സജ്ജമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.
- 2022-23 സാമ്പത്തിക വർഷം കൈയ്യൊഴിഞ്ഞ അജൈവ മാലിന്യങ്ങളുടെയും ലഭ്യമായ തുകയുടെയും വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വരവ്-ചെലവുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | സുവർണ്ണ ഭവനം പദ്ധതി | 300000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 375000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 375000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 1547954 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1547954 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 275000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 275000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 410000 | ലൈഫ് ഭവന നിർമ്മാണം | 410000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1400000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1400000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പദ്ധതി നം | പദ്ധതിയുടെ പേര് | തുക | വൗച്ചർ നമ്പർ | തുക നിക്ഷേപിച്ച് സ്ഥാപനം |
|---|---|---|---|---|
| 28/23 | രാജമുടി ബഡ്സ്കൂൾ കുടിവെള്ള പദ്ധതി | 267440 | XVFC/2022-23/P52/7.2.23 | ജില്ലാ ഭൂജല വകുപ്പ്, ഇടുക്കി |
| 39/23 | ഉപ്പ്തോട് കുടിവെള്ള പദ്ധതി | 150000 | XVFC/2022-23/P53/2.2.23 | ജില്ലാ ഭൂജല വകുപ്പ്, ഇടുക്കി |
| 40/23 | മണ്ണാത്തറ അംഗൻവാടിപടി കുടിവെള്ള പദ്ധതി | 150000 | XVFC/2022-23/P51/2.2.23 | ജില്ലാ ഭൂജല വകുപ്പ്, ഇടുക്കി |
| 38/23 | തോപ്രാംകുടി ബസ്സ്റ്റാന്റ് കുടിവെള്ള പദ്ധതി | 300000 | XVFC/2022-23/P49/2.2.23 | ജില്ലാ ഭൂജല വകുപ്പ്, ഇടുക്കി |
| 208/23 | മുരിക്കാശേരി വെറ്ററിനറി ഡിസ്പെൻസറി കുടിവെള്ള പദ്ധതി | 300000 | XVFC/2022-23/P50/2.2.23 | ജില്ലാ ഭൂജല വകുപ്പ്, ഇടുക്കി |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| | നമ്പർ/ തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി ലോൺ (ഐ.ഡി.സി.ബി) | സ.ഉ.(സാധാ) 1577/2015 /ത.സ്വ.ഭ.വ തിയതി.27.05.2015 | 20550000 | 8086126 | 2200000 | 119750 | 5886126 |
| ഹഡ്കോ ലോൺ ലൈഫ് ഭവന പദ്ധതി | | 37660000 | 31746142 | 2888228 | 00 | 28857914 |
| കെ.യു.ആർ.ഡി. എഫ്.സി ലോൺ (ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം) | സ.ഉ(സാധാ) 1284/15/ത.സ്വ.ഭ.വ തിയതി. 20.05.15 | 19666731 | 4250494 | 1404768 | 204667 | 2845726 |

ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിന് സ്വീകരിച്ച കെ.യു.ആർ.ഡി.എഫ്.സി ലോൺ ഒഴികെയുള്ള വായ്പാ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജവഹർ ഭവന പദ്ധതി വായ്പാ മുതൽ തിരിച്ചടവിനത്തിൽ തൻവർഷം ₹22,00,000/- (S077/23), പലിശയിനത്തിൽ ₹119750/- (S078/23) വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുതൽ തുക ബാധ്യതയിൽനിന്ന് ക്രമീകരിക്കുന്നതിന് പകരം പലിശയിനത്തിലുള്ള തുകയാണ് മുതലിൽനിന്ന് കുറവ് ചെയ്തത്. ധനകാര്യപത്രിക പ്രകാരം ഈയിനത്തിലെ വായ്പാ ബാധ്യത ₹7966376/- (8086126-119750) ആണ്. വായ്പാ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കണമെന്ന മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്ന സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം.നി | സ്ഥാപനത്തിന്റ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം – സർട്ടിഫിക്കറ്റ് നം -0339 | 4-8-2023 | 1 വർഷം | 1500000 | സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിൽ ' This Deposit Will Cease To Bear Interest After Due Date' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിക്ഷേപം യഥാസമയം പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 30 | 1999-2000 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് - സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ | ലഭ്യമാക്കിയിട്ടില്ല |
| 2003-04 | 3-6<br>3-7 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ,<br>ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2015-16 | 2-2 | 2015-16 | അനുബന്ധം 4 പേജ് 180 | വസ്തുനികുതി അപാകതകൾ | ലഭ്യമാക്കിയിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക₹ | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 2008-09 | 2-3 | സി. സുധാകരൻ | എൽ.എഫ്. 23456/ സ്പെ.സെൽ/ സി.എസ്.സി./ സി-1/12/ 26.05.2015 | 117500 | - | ഇല്ല | - | - | - | 117500 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | ഈ തുക പഞ്ചായത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1998-99 | 24 | സെക്രട്ടറി | എൽ.എഫ്. 13409/spl/ Cell/(SC)02 12.09.2009 | 2981 | | ഇല്ല | | | | | 2981 | |
| 2 | 1998-99 | 27, 29 | ശ്രീമതി. ടി. എൻ. സുബൈദ സെക്രട്ടറി | എൽ.എഫ്. 13409/spl/ Cell/(SC)02 12.09.2009 | 7595 | | | | | | | 7595 | |
| 3 | 2000-01 | 29(3) | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 21921/ സ്പെ. സെൽ എസ്.സി.2004. തീ.03.12.2005 | 9552 | | | | | | | 9552 | |
| 4 | 2000-01 | 27 | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 17465/ സ്പെ. സെൽ എസ്.സി.2/2008 തീ.09.06.2009 | 8680 | | | | | | | 8680 | |
| 5 | 2007-08 | 3.13 | ഡോ. ബിനോദ് പി. ജി. വെറ്റി. സർജൻ | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 4800 | | | | | | | 4800 | |
| 6 | 2007-08 | 2.7 | ശ്രീ. ഡി. സുധാകരൻ സെക്രട്ടറി | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 3500 | | | | | | | 3500 | |
| 7 | 1997-98 | 21 | ശ്രീ. കെ. എൻ. അശോകൻ സെക്രട്ടറി | എൽ.എഫ്.- 20430/ സ്പെ.സെൽ/ എസ്.സി.1/2001 Dt.13.12.2001 | 2000 | | | | | | | 2000 | |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹ 25103020 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹51340239 |
| ആകെ | ₹76443259 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹49771077 |
| നീക്കിയിരിപ്പ് | ₹26672182 |
| കുറിപ്പ്: പഞ്ചായത്തിന്റെ 22-23 ലെ റെസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. | |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4352694 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-22 | 17535 | സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-24 | 250130 | ജോഷി എം. മാണി, അസി. സെക്രട്ടറി |
| 1-24-2 | 232750 | ജോഷി എം. മാണി, അസി. സെക്രട്ടറി |
| 1-25 | 539739 | ജോഷി എം. മാണി, അസി. സെക്രട്ടറി |
| 1-26 | 262287 | ശ്രീമതി. ശിൽപ വി.എസ്., അസിസ്റ്റന്റ് എൻജിനീയർ |
| 1-29 | 107100 | വിജി ജോർജ്, മെമ്പർ |
| 1-29 | 107100 | തോമസ് ജോർജ്, മെമ്പർ |
| 1-29 | 107100 | ജോസ്മി ജോർജ്, മെമ്പർ |
| 1-29 | 107100 | സുനിത കെ.എസ്., മെമ്പർ |
| 1-29 | 107100 | സുരേഷ് സുകുമാരൻ, മെമ്പർ |
| 1-29 | 107100 | അനിൽ ബാലകൃഷ്ണൻ, മെമ്പർ |
| 1-29 | 107100 | സിന്ധു ജോസ്, മെമ്പർ |
| 1-29 | 107100 | മിനി സിബിച്ചൻ, മെമ്പർ |
| 1-29 | 107100 | റോണീയോ എബ്രാഹം, മെമ്പർ |
| 1-29 | 107100 | ലൈല മണി കോടംകയത്ത്, മെമ്പർ |
| 1-29 | 107100 | തെരേസ രാരിച്ചൻ, മെമ്പർ |
| 1-29 | 107100 | ബിജുമോൻ തോമസ്, മെമ്പർ |
| 1-29 | 107100 | ബിബിൻ എബ്രാഹം, മെമ്പർ |
| 1-29 | 107100 | സനില വിജയൻ, മെമ്പർ |
| 1-29 | 107100 | ഡിക്ലർക്ക് സെബാസ്റ്റ്യൻ, മെമ്പർ |
| 1-29 | 107100 | അലിയാർ കൊച്ചുമുഹമ്മദ്, മെമ്പർ |
| 1-29 | 107100 | മിനി ഷാജി, മെമ്പർ |
| 1-29 | 107100 | പ്രദീപ് ജോർജ്, മെമ്പർ |
| 1-29 | 107100 | സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-29 | 107100 | ശ്രീമതി. ബിന്ദു ജോസഫ്, എൽ വി.ഇ.ഒ. |
| 1-36 | 908613 | സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | സർക്കാർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡിക

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിനു. പി. ജോസ്, സെക്രട്ടറി | സെക്രട്ടറി, കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് | ഇ. എസ്.എം. കോളനി, കുളത്തൂപ്പുഴ പി.ഒ., കൊല്ലം |
| ശ്രീമതി. ബിന്ദു ജോസഫ്, വി ഇ ഒ | വി ഇ ഒ, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | മുണ്ടയ്ക്കൽ, തങ്കമണി പി.ഒ., ഇടുക്കി |
| ശ്രീമതി. ശിൽപ വി.എസ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>പി.ഡബ്ല്യൂ.ഡി റോഡ് ഡിവിഷൻ, മൂവാറ്റുപുഴ | വേങ്ങപ്ലാക്കൽ, ജനതാറോഡ്, വെറ്റില, എറണാകുളം |
| ശ്രീ. സുനിൽ സെബാസ്റ്റ്യൻ, സെക്രട്ടറി | സെക്രട്ടറി, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | നരിക്കുഴിയിൽ വീട്, ചെമ്പളം പി.ഒ. |
| ശ്രീമതി. വിജി ജോർജ്, മെമ്പർ | | തലച്ചിറയിൽ, പെരിയാർ വാലി, രാജാപുരം- 685604 |
| ശ്രീ. തോമസ് ജോർജ്ജ് മെമ്പർ | | അരയത്തിനാൽ, മുരിക്കാശ്ശേരി – 685604 |
| ശ്രീമതി. ജോസ്മി ജോർജ്ജ്, മെമ്പർ | | കരോട്ടുമലയിൽ, സേനാപതി, പെരിഞ്ചാംകുട്ടി-685604 |
| ശ്രീമതി. സുനിത. കെ.എസ്., മെമ്പർ | | കൊടിയാനിച്ചിറയിൽ, പതിനാറാംകണ്ടം, രാജമുടി-685604 |
| ശ്രീ. സുരേഷ് സുകുമാരൻ, മെമ്പർ | | മരുതോലിൽ, ചെമ്പകപ്പാറ, പെരിഞ്ചാംകുട്ടി- 685604 |
| ശ്രീ. അനിൽ ബാലകൃഷ്ണൻ, മെമ്പർ | | കണ്ടത്തിൻകരയിൽ, വാത്തിക്കുടി, പടമുഖം-685604 |
| ശ്രീമതി. സിന്ധു ജോസ്, മെമ്പർ | ബിബിൻ എബ്രാഹം | കുനംപാറയിൽ, തോപ്രാംകുടി, കൊന്നയ്ക്കാമാലി-685604 |
| ശ്രീമതി. മിനി സിബിച്ചൻ, മെമ്പർ | | വയലിൽ, ബഥേൽ- 685514 |
| ശ്രീമതി. ലൈല മാണി, മെമ്പർ | | കോടംകയത്ത്, തോപ്രാംകടി -685609 |
| ശ്രീമതി. തെരേസ രാരിച്ചൻ, മെമ്പർ | | മുതുകാട്ടിൽ, തോപ്രാംകടി-685609 |
| ശ്രീ. ബിജുമോൻ തോമസ്, മെമ്പർ | | വടക്കേക്കരയിൽ പെരുംതൊട്ടി -685609 |

| | | |
|---|---|---|
| ശ്രീമതി. സനില വിജയൻ, മെമ്പർ | | മണ്ണാത്തിപ്പാറയിൽ, തോപ്രാംകുടി -685609 |
| ശ്രീ. ഡിക്ലാർക്ക് സെബാസ്റ്റ്യൻ, മെമ്പർ | | ചക്കംകുന്നേൽ, പടമുഖം-685604 |
| ശ്രീ. അലിയാർ കൊച്ചുമുഹമ്മദ്, മെമ്പർ | | കമ്മാത്തുകുടിയിൽ, പതിനാറാംകണ്ടം, മുരിക്കാശ്ശേരി -685604 |
| ശ്രീമതി. മിനി ഷാജി, മെമ്പർ | | പുളിയ്ക്കകുന്നേൽ, ഉപ്പുതോട്-685604 |
| ശ്രീ. പ്രദീപ് ജോർജ്ജ്, മെമ്പർ | | വെള്ളക്കുന്നേൽ, മുരിക്കാശ്ശേരി- 685604 |
| ശ്രീ. റോണീയോ എബ്രാഹം, മെമ്പർ | | ചിറയ്ക്കപുരയിടത്തിൽ, മേരിഗിരി പി.ഒ, മേരിഗിരി |
| ബിബിൻ എബ്രാഹം, മെമ്പർ | | മറ്റത്തിൽ, രാജമുടി പി.ഒ., രാജമുടി |
| ജോഷി എം മാണി, | അസി. സെക്രട്ടറി, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | ആലപ്പാട്ട് വീട്, മേലുകാവ് പി.ഒ. , തൊടുപുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 2014-15 | KSA-IDK-13/1141/16/തീ.04.02.17 | 8 | 2-1(2), 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2015-16 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 1 | 3-3 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2016-17 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 7 | 3-1, 3-4, 3-6, 3-7, 3-8, 3-13, 3-14 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2017-18 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 6 | 3-1, 3-2, 3-3, 3-5, 3-7, 3-9 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-പി5/1325 (2018-19 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022 | 8 | 1-11, 1-19, 1-24, 1-25, 1-26, 1-27, 1-28, 3-1 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.11/641/22 തീയതി 10.05.2022 | 7 | 1-13, 1-14, 1-15, 1-18, 1-19, 3-1, 3-2 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.11/651/22 തീയതി 28.05.2022 | 12 | 1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-25, 3-1 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.5/1727/23 തീയതി 07.03.2023 | 19 | 1-3-1, 1-3-4, 1-9, 1-9-1, 1-9-2, 1-9-3, 1-9-4, 1-9-5, 1-9-6, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-20, 1-22, 1-23, 1-24, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 22-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vathikudy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vathikudy Grama Panchayat for the year 2022-2023

Date: 28/12/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Vathikudy Grama Panchayat for the Year 2022-2023 .**

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non disclosure assets. Asset register is not comprehensive and upto date.

**2.Other Observations**

1) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2) misclassification of receipt voucher.

3) Cheque uncashed for more than 3 months were not transferred to stale cheque account.

4) Payment voucher misclassification

5) Demand registers does not match with financial statements

6) Registers, viz., loan register, advance register, deposit register etc., are not maintained correctly and or

does not match with accounts.

7) Lapses in making timely and accurate demand entries in respect of tax and non -tax revenue.

8) Lack of authenticated journal vouchers for supporting the adjustments entries recorded in prior period items

9) The purpose for which certain grant liability amounts, shown in B-4 shedule, received and in which bank accounts amounts are lodged, could not be ascretained. (See para 1-1-11 for details)

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്